14
2025
ആഗസ്റ്റ്
വ്യാഴം
കർക്കിടകം 29

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram | web: www. nauticaltimesmedia.com | Volume-6, Issue No. 209 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-209 | പേജ് 4. വില 2.00 രൂപ




02 സംസ്ഥാന കർഷക അവാർഡുകൾ പ്രഖ്യാപിച്ചു

03 കേരളത്തിൽ സർക്കാർ സ്കൂളുകൾ കുറയുന്നതായി കേന്ദ്രം

04 അറിയുവാനേറെയുണ്ട് ആനകളിൽ; ലോക ഗജദിനം ആചരിച്ചു

# തീരാനഷ്ടമായി മുതലപ്പൊഴി

**സ്വന്തം ലേഖകൻ**



തിരുവനന്തപുരം നഗരത്തിൽനിന്നും 26 കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്ന പ്രദേശമായ പെരുമാതുറയിലെ ഒരു പൊഴിയാണ് മുതലപ്പൊഴി. വാമനപുരംപുഴ കഠിനംകുളം കായൽ വഴി കടലിൽ പതിക്കുന്നിടമാണിവിടം.ശംഖുമുഖം - വേളിതുമ്പ റോഡ് നേരെ ചെന്നെത്തുന്നത് മുതലപ്പൊഴിയിലാണ്.

2001ൽ നിർമാണം ആരംഭിച്ചെങ്കിലും പൂർത്തിയാകാൻ വർഷങ്ങളെടുത്തു. ഇതിനിടെ മേഖലയിലൂടെ മത്സ്യബന്ധനവും തുടർന്നു. 2011ലാണ് പൊഴിമുഖത്ത് ആദ്യ അപകടമരണമുണ്ടായത്. പിന്നീട് അപകടങ്ങൾ ആവർത്തിച്ചു. 2020ലാണ് മുതലപ്പൊഴി ഹാർബർ പദ്ധതി കമ്മിഷൻ ചെയ്തത്. 177 കോടിയുടെ നവീകരണ പദ്ധതിയുടെ ഉദ്ഘാടനവും അപകടരഹിത മുതലപ്പൊഴിയും പ്രഖ്യാപിച്ച് ദിവസങ്ങൾക്കകമാണു തീരമേഖല കണ്ണീരിലായത്. ഉദ്ഘാടനം നടന്നുവെന്നല്ലാതെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

ഈ സീസൺ തുടങ്ങുന്നതിന് മുൻപു പൂർത്തിയാകേണ്ടിയിരുന്ന മണൽനീക്കവും നിലച്ചു. മൺസൂൺ സമയത്ത് ഈ ഭാഗത്ത് മണൽ നിക്ഷേപം കൂടുതലായതിനാൽ ഇവിടെയുള്ള ഹാർബറിന്റെ നിർമ്മാണത്തിലെ അപാകതകളെത്തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് നിരന്തരം അപകടങ്ങൾ സംഭവിക്കുന്നുണ്ട്. മുതലപ്പൊഴിയിലെ ഡ്രഡ്ജിങ് സംബന്ധിച്ച് അദാനി പോർട്ടുമായി സർക്കാർ ഹാർബർ എൻജിനീയറിങ് വിഭാഗം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ചെന്നൈ ഐഐടിയുടെ നേതൃത്വത്തിൽ രൂപകൽപന ചെയ്ത മുതലപ്പൊഴി ഹാർബറിന് പൊഴിയുടെ വടക്കും തെക്കുമായി 2 പുലിമുട്ടുകളുണ്ട്. തെക്കുഭാഗത്ത് പുലിമുട്ട് നിർമാണം ആരംഭിച്ചപ്പോൾ തന്നെ ഇവിടെ മണലടിഞ്ഞുകൂടി. നിർമാണം പൂർത്തിയായതോടെ സ്വാഭാവിക മണൽനീക്കത്തിന് വഴിയടഞ്ഞു. 2 പുലിമുട്ടുകൾക്കും ഇടയിലൂടെ മണൽ അകത്തേക്കു കയറാൻ തുടങ്ങി. പുലിമുട്ടുകളുടെ നീളം കൂട്ടി പരിഹാരത്തിന് ശ്രമിച്ചെങ്കിലും തുറമുഖ കവാടത്തിൽ മണൽ കുന്നുകൂടി. ഈ ഭാഗത്തു തിരമാലകൾ ശക്തിയാർജിച്ചു. ഇതോടെ തിരയിൽ ഉലഞ്ഞ് മണൽത്തിട്ടയിൽ ഇടിച്ചു ബോട്ടുകൾ മറിയുന്നതും കരിങ്കൽ കെട്ടുകളിൽ ഇടിച്ച് തകരുന്നതും പതിവായി.

കഴിഞ്ഞ ഒരാഴ്ചയിൽ മാത്രം 9 ബോട്ടുകൾ അപകടത്തിൽപെട്ടു. മുതലപ്പൊഴിയിൽ ആഞ്ഞടിക്കുന്ന കൂറ്റൻ തിരകളും കടലിനടിയിലെ മണൽക്കൂനകളും കരിങ്കല്ലും ഇതുവരെ കവർന്നത് 78 മത്സ്യത്തൊഴിലാളികളുടെ ജീവൻ. കഴിഞ്ഞ ദിവസം 2 പേരുടെ ജീവൻ കൂടി നഷ്ടമായതോടെ മുതലപ്പൊഴി മേഖല ഭീതിയിലാണ്. 25 പേർക്കു സാരമായി പരുക്കേറ്റു. ബോട്ടുകളും ഉപകരണങ്ങളും നശിച്ചതു വഴി ലക്ഷങ്ങളുടെ നഷ്ടവുമുണ്ടായി.അഴിമുഖ ചാനലിൽ ദിനം പ്രതി അടിഞ്ഞുകൂടുന്ന മണൽ നീക്കുന്നതിന് താൽക്കാലിക സംവിധാനമെങ്കിലും മത്സ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു.

തുറമുഖ ചാനലിന്റെ ആഴം കൂട്ടാനുള്ള നടപടികളും അദാനി പോർട്സ് മുതലപ്പൊഴി വിട്ടതോടെ നിലച്ചു. ശക്തമായ പ്രതിഷേധം ഉയർന്നതോടെ ഡ്രജറെത്തിച്ചു മണൽ നീക്കം തുടങ്ങിയെങ്കിലും ഡ്രജർ സാങ്കേതികത്തകരാറിൽ കുരുങ്ങി. അഴിമുഖ മുനമ്പിൽ കൂറ്റൻ മണൽപാളികളുണ്ട്. 2 പേരുടെ മരണത്തെത്തുടർന്ന് മണൽ നീക്കാൻ തുറമുഖ വകുപ്പിനു സർക്കാർ അടിയന്തര നിർദേശം നൽകിയിട്ടുണ്ട്.

പുലിമുട്ടിനു വടക്കുഭാഗത്ത് കടലിനടിയിൽ 6 അടി ആഴത്തിൽ പാറക്കല്ലുകളും ടെട്രാപോഡുകളും കെട്ടുപിണഞ്ഞു കിടന്നു മണലൊഴുക്കിനെ തടസ്സപ്പെടുത്തുന്നുണ്ട്. ഇതേത്തുടർന്ന് വടക്കു ഭാഗത്തേക്ക് കടൽ കയറാൻ തുടങ്ങി. വെള്ളത്തിനടിയിലെ ഈ 'ഹാർഡ് സ്ട്രക്ചർ' ആണ് തെക്കുഭാഗത്തു മണൽ കുന്നുകൂടാൻ കാരണമെന്ന് പുണെ സെൻട്രൽ വാട്ടർ പവർ റിസർച് സ്റ്റേഷൻ കണ്ടെത്തി.

## അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള മരുന്നുകൾ വിലകുറച്ച് ലഭ്യമാക്കും: മന്ത്രി

അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കഴിഞ്ഞവർക്കുള്ള മരുന്നുകൾ വിലകുറച്ച് നൽകാൻ സീറോ പ്രോഫിറ്റ് കൗണ്ടറുകൾ വഴി നടപടികൾ സ്വീകരിച്ചു വരുന്നതായി ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. കാൻസർ മരുന്നുകൾ വിലകുറച്ച് നല്കാൻ ആരംഭിച്ച കാരുണ്യസ്പർശം കൗണ്ടറുകൾ വഴിയാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. മരണാനന്തര അവയവദാതാക്കളുടെ കുടുംബങ്ങളെ ആദരിക്കുന്ന 'സ്മൃതി വന്ദനം 2025' പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. 122 കുടുംബങ്ങളെ ചടങ്ങിൽ ആദരിച്ചു.

അവയവദാന രംഗത്ത് കേരളം നിരവധി പദ്ധതികൾ നടപ്പാക്കുന്നു. ഇൻഷുറൻസ് പരിരക്ഷയോടെ ശസ്ത്രക്രിയകൾ നടത്തുന്നുണ്ട്. മരണാനന്തര അവയവദാതാക്കളുടെ കുടുംബങ്ങളെ ആദരിക്കുന്നതുൾപ്പടെയുള്ള കാര്യങ്ങളിൽ ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കും. പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട ദുഃഖത്തിൽ എടുക്കുന്ന അവയവദാനത്തിനായുള്ള തീരുമാനം ലോകത്തിലെ ഏറ്റവും മഹത്തായ തീരുമാനമാണെന്ന് മന്ത്രി പറഞ്ഞു.

അവയവദാനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനായാണ് ഈ സർക്കാരിന്റെ കാലത്ത് കെ സോട്ടോ രൂപീകരിച്ചത്. ഇതുവരെ 389 മരണാനന്തര അവയവദാനങ്ങൾ കേരളത്തിൽ നടന്നു. അതിന്റെ ഗുണഭോക്താക്കളായി 1,120 പേർക്ക് പുതിയ ജീവിതം ലഭിച്ചു. അവയവം മാറ്റിവെച്ചാൽ മാത്രം ജീവൻ നിലനിർത്താൻ കഴിയുന്ന 2,801 രോഗികൾ കേരളത്തിലുണ്ടെന്ന് മന്ത്രി പറഞ്ഞു.

അവയവദാനത്തിൽ പലവിധ പ്രതിസന്ധികൾ ഉണ്ടാകാറുണ്ട്. കോടതി വ്യവഹാരങ്ങൾ കാരണം അവയവദാനം സർട്ടിഫൈ ചെയ്യുന്നതിന് പല ഡോക്ടർമാരും മടിക്കുന്നു. അതേസമയം കോടതികൾ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് വലിയ പിന്തുണ നൽകി. ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവദാനത്തേക്കാൾ കൂടുതൽ മരണാനന്തര അവയവദാനം സമൂഹത്തിൽ വർധിക്കേണ്ടതുണ്ട്. മസ്തിഷ്ക മരണാനന്തരം ഒരാൾക്ക് എട്ടിലധികം പേർക്ക് ജീവൻ നൽകാൻ കഴിയുമെങ്കിൽ അതിൽപ്പരം മറ്റൊരു പുണ്യമില്ല.

മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കേണ്ടതിന് വലിയ പ്രാധാന്യമുണ്ട്. ഇത് മുന്നിൽ കണ്ടാണ് അവയവദാന ബോധവത്കരണ പ്രവർത്തനങ്ങൾക്ക് 'ജീവനേകാം ജീവനാകാം' എന്ന പേരിൽ കെസോട്ടോ ക്യാമ്പയിൻ സംഘടിപ്പിച്ചു വരുന്നത്. അതിന്റെ ഫലവും കണ്ടു. തിരുവനന്തപുരം ജില്ലാ കളക്ടർ അനുകുമാരിയുടെ നേതൃത്വത്തിൽ ജീവൻ ദാനം എന്ന പേരിൽ ആരംഭിച്ച ക്യാമ്പയിൻ ഇപ്പോൾ കുടുംബശ്രീയുമായി സഹകരിച്ച് വിപുലമായിക്കൊണ്ടിരിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു. എറണാകുളം സെന്റ് തെരേസസ് കോളജിലെ 1000 ത്തോളം വിദ്യാർത്ഥിനികൾ ഒരുമിച്ച് അവയവദാന രജിസ്ട്രേഷൻ ചെയ്തതുമെല്ലാം മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാതൃകകളാണ്. പല സംഘടനകളും ഇതേറ്റെടുത്തത് സന്തോഷമുള്ള കാര്യമാണ്.

കേരളത്തിൽ, ഈ സർക്കാർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി ആരംഭിച്ചു. 10 കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തി. ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയക്ക് മാത്രമായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റ് എന്ന സ്ഥാപനം കോഴിക്കോട് ആരംഭിക്കുന്നതിന് വേണ്ടി 643.88 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞുവെന്ന് മന്ത്രി പറഞ്ഞു.

ജർമനിയിൽ നടക്കുന്ന വേൾഡ് ട്രാൻസ്പ്ലാന്റ് ഗെയിംസിൽ കേരളത്തിൽനിന്ന് മിഥുൻ അശോക്, എസ്. സുജിത്ത് എന്നിവർ ഇന്ത്യയെ പ്രതിനിധീകരിക്കുന്നു. ഇവർക്ക് മന്ത്രി വിജയാശംസകൾ നേർന്നു.

## സംസ്ഥാനത്ത് കൂടുതൽ എഐ സ്മാർട്ട് ഫെൻസുകൾ സ്ഥാപിക്കും: മന്ത്രി എ. കെ. ശശീന്ദ്രൻ

സംസ്ഥാനത്ത് മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി കൂടുതൽ എ. ഐ സ്മാർട്ട് ഫെൻസുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പ് യാർഡിന്റെ സി. എസ്. ആർ ഫണ്ട് ഉപയോഗിച്ച് എ. ഐ സ്മാർട്ട് ഫെൻസിങ് നടത്തുന്നതിന് വനം മന്ത്രി എ. കെ. ശശീന്ദ്രന്റെ സാന്നിധ്യത്തിൽ കരാർ ഒപ്പുവെച്ചു.

കോതമംഗലം വനം ഡിവിഷനിലെ മുള്ളരിങ്ങാട് റേഞ്ചിലെ എൻ. എൽ. പി പ്രൈമറി സ്കൂളിനോട് ചേർന്ന് 400 മീറ്റർ നീളത്തിൽ എ. ഐ ഫെൻസിങ് നടത്തുന്നതിനാണ് കരാർ ഒപ്പുവെച്ചത്. 40 ലക്ഷം രൂപ ചെലവിലാണ് ഫെൻസ് നിർമ്മിക്കുക. കോതമംഗലംതൊടുപുഴ വന വികസന ഏജൻസിക്കാണ് നിർമ്മാണ ചുമതല നൽകുന്നത്.

## ഒരു തുള്ളി വെള്ളം പോലും വിട്ടുകൊടുക്കില്ല, ശ്രമിച്ചാൽ ഇന്ത്യയെ ഒരിക്കലും മറക്കാത്ത പാഠം പഠിപ്പിക്കും

ഇസ്ലാമാബാദ്: സിന്ധു നദീജല കരാറിനെച്ചൊല്ലി ഇന്ത്യക്കെതിരെ ഭീഷണിയുമായി പാക്കിസ്ഥാൻ പ്രധാനമന്ത്രി ഷഹബാസ് ഷെരീഫ്. ജലവിതരണം ഇന്ത്യ നിർത്തിയാൽ നിർണായക പ്രതികരണം ഉണ്ടാകുമെന്നാണ് ഭീഷണി. പാക്കിസ്ഥാന്റെ ഒരിറ്റ് വെള്ളം പോലും വിട്ടുകൊടുക്കില്ലെന്നും ഇന്ത്യയെ പാഠം പഠിപ്പിക്കുമെന്നും ഷഹബാസ് ഷെരീഫ് പറഞ്ഞു.

ഇന്ത്യ ഞങ്ങളുടെ ജലം തടയുമെന്ന് ഭീഷണിപ്പെടുത്തി. അങ്ങനെയൊരു നീക്കം നടത്താൻ ശ്രമിച്ചാൽ, പാക്കിസ്ഥാൻ ഒരിക്കലും മറക്കാനാവാത്ത പാഠം പഠിപ്പിക്കുമെന്നാണ് അദ്ദേഹം ഭീഷണി മുഴക്കിയത്.

## ഹജ്ജ് 2026: നറുക്കെടുപ്പ് പൂർത്തിയായി; കേരളത്തിൽ നിന്ന് 8,530 പേർക്ക് അവസരം

ഹജ്ജിന് അപേക്ഷ സമർപ്പിച്ചവരിൽ ഈ വർഷത്തെ ഹജ്ജ് യാത്രക്ക് അർഹരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് മുംബൈയിലെ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ നടന്നു. സൗദി അറേബ്യ ഔദ്യോഗികമായി ഹജ്ജ് ക്വാട്ട നിശ്ചയിട്ടില്ലാത്ത സാഹചര്യത്തിൽ ഇന്ത്യയിലൊട്ടാകെ ഒരു ലക്ഷം സീറ്റുകൾ കണക്കാക്കിയാണ് നറുക്കെടുപ്പ് നടത്തിയിരിക്കുന്നത്.

കേരളത്തിന് 8,530 സീറ്റുകളാണ് അനുവദിച്ചിരിക്കുന്നത്. ഹജ്ജ് പോളിസി പ്രകാരം പ്രഥമ പരിഗണന ലഭിക്കുന്ന കാറ്റഗറിയായ 65 വയസ്സോ അതിന് മുകളിലോ പ്രായമായവരുടെ വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ച എല്ലാവരെയും തെരഞ്ഞെടുത്തു. സ്ത്രീകൾ മാത്രമുള്ള വിഭാഗത്തിലെ രണ്ടാമത്തെ കാറ്റഗറിയായ 45 നും 65 നുമിടയിൽ പ്രായമുള്ളവരുടെ വിഭാഗത്തിൽ അപേക്ഷ സമർപ്പിച്ച 3620 പേരിൽ നറുക്കെടുപ്പിലൂടെ 58 പേരൊഴികെ എല്ലാവർക്കും അവസരം ലഭിച്ചു. ബാക്കിയുള്ള എല്ലാവരുടെയും വെയ്റ്റിങ് ലിസ്റ്റ് ക്രമം നറുക്കെടുപ്പിലൂടെ നിശ്ചയിച്ചു.

വെയ്റ്റിങ് ലിസ്റ്റിൽ വിതൗട്ട് മെഹ്റം വിഭാഗത്തിലെ ബാക്കിയുള്ളവർക്കായിരിക്കും ആദ്യ പരിഗണന. പിന്നീട് ജനറൽ ബി ബാക്ക്ലോഗ് (2025 വർഷം അവസരം ലഭിക്കാത്തവർ), ജനറൽ എന്നീ ക്രമത്തിലാണ് അവസരം ലഭിക്കുക. നിലവിൽ 2025 വെയ്റ്റിങ് ലിസ്റ്റിലുള്ളവർക്ക് ഇപ്പോൾ പരിഗണന ലഭിച്ചിട്ടില്ല.

നറുക്കെടുപ്പ് സംബന്ധിച്ച വിവരങ്ങൾ ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാകും. അപേക്ഷകർക്ക് ലഭിച്ച കവർ നമ്പറുകൾ പ്രകാരമാണ് വിവരങ്ങൾ ലഭ്യമാവുക. തെരഞ്ഞെടുക്കപ്പെടുന്നവർക്കുള്ള കുടുതൽ നിർദേശങ്ങളും വെബ്സൈറ്റിലൂടെ ലഭ്യമാകും. തെരഞ്ഞെടുക്കപ്പെട്ടവർ ആദ്യ ഗഡുവായി 1,52,300 രൂപ 2025 ഓഗസ്റ്റ് 20നകം അടക്കേണ്ടതാണ്. ഓരോ കവറിനും പ്രത്യേകമായുള്ള ബാങ്ക് റാഫറൻസ് നമ്പർ രേഖപ്പെടുത്തിയ പെയ്മെന്റ് സ്ലിപ് ഉപയോഗിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലോ, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലോ പണമടക്കാം. ഓൺലൈനായും പണമടക്കാം. പണമടച്ച രശീതി, മെഡിക്കൽ സ്ക്രീനിങ് ആന്റ് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് തുടങ്ങിയവയും അനുബന്ധരേഖകളും കേന്ദ്ര ഹജ്ജ് കമ്മിറ്റി നിർദേശിക്കുന്ന നിശ്ചിത സമയത്തിനകം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കണം.

നിശ്ചിത സമയത്തിനകം പണമടക്കാത്തവരുടെ തെരഞ്ഞെടുപ്പ് മറ്റൊരറിയിപ്പു കൂടാതെ റദ്ദാക്കുകയും അത്തരം സീറ്റുകളിലേക്ക് വെയ്റ്റിങ് ലിസ്റ്റിലുള്ള അപേക്ഷകരെ മുൻഗണനാക്രമത്തിൽ തെരഞ്ഞെടുക്കുകയും ചെയ്യും.

തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ആവശ്യമായ നിർദേശങ്ങൾക്കായി സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഹജ്ജ് ട്രെയിനർമാരുടെ സേവനം 14 ജില്ലകളിലും ലഭ്യമാണ്. ആവശ്യമായ നിർദേശങ്ങൾക്ക് സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ഔദ്യോഗിക ഹജ്ജ് ട്രെയിനറുടെ സഹായം തേടാമെന്ന് ഹജ്ജ് കമ്മിറ്റി അറിയിച്ചു. ഫോൺ: 0483 2710717,2717572,8281211786.വിവരങ്ങൾക്ക് താഴെ പറയുന്ന ജില്ലാ ട്രെയിനിങ് ഓർഗനൈസർമാരുടെ നമ്പറുകളിൽ വാട്സ്ആപ്പിലൂടെയും ബന്ധപ്പെടാം.





മരണാനന്തര അവയവദാതാക്കളെ അനുസ്മരിക്കാനും അവരുടെ കുടുംബാംഗങ്ങളെ ആദരിക്കാനും സംഘടിപ്പിച്ച സ്മൃതി വന്ദനം 2025 ന്റെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യവും കുടുംബക്ഷേമവും ശിശുവികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കുന്നു

# താനൂർ ബോട്ട് അപകടം: കമ്മീഷൻ പൊതുജനാഭിപ്രായം തേടുന്നു

2023 മേയ് 7ന് മലപ്പുറം ജില്ലയിലെ താനൂർ തൂവൽ തീരം ബീച്ചിൽ നടന്ന ബോട്ട് അപകടത്തെക്കുറിച്ച് അന്വേഷിക്കുന്ന ജസ്റ്റിസ് വി.കെ. മോഹനൻ കമ്മീഷൻ, അന്വേഷണത്തിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദേശങ്ങളും ക്ഷണിച്ചു. ലൈസൻസിങ്, എൻഫോഴ്സ്മെന്റ് സംവിധാനങ്ങളുടെ പര്യാപ്തത, ജലഗതാഗത മേഖലയിലെ സുരക്ഷാ പരിഹാരങ്ങൾ, മുൻകാല അന്വേഷണ റിപ്പോർട്ടുകളുടെ നടപ്പാക്കൽ എന്നിവയാണ് രണ്ടാംഘട്ടത്തിൽ കമ്മീഷൻ പരിശോധിക്കുന്നത്. കേരളത്തിലെ ഉൾനാടൻ ജലഗതാഗതം, വിനോദസഞ്ചാരം, മത്സ്യബന്ധന മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും വിദഗ്ധരുടെയും പൊതുജനങ്ങളുടെയും അഭിപ്രായങ്ങളാണ് തേടുന്നത്. 2025 സെപ്റ്റംബർ 1ന് മുമ്പ് നിർദേശങ്ങൾ രേഖാമൂലം കമ്മീഷൻ ഓഫീസിൽ നേരിട്ടോ തപാൽ വഴിയോ സമർപ്പിക്കാം.കൂടുതൽ വിവരങ്ങൾ ബോധിപ്പിക്കുന്നതിന് പൊതുഹിയറിങ്ങുകളിൽ നേരിട്ട് ഹാജരായി വാക്കാലോ രേഖാമൂലമോ അഭിപ്രായങ്ങൾ അറിയിക്കാം. സെപ്റ്റംബർ 10ന് രാവിലെ 11ന് തിരുവനന്തപുരം പൂവാർ ഗ്രാമപഞ്ചായത്ത് ഹാളിലും 11ന് രാവിലെ 10 മണിക്ക് കൊല്ലം DTPC കോൺഫറൻസ് ഹാളിലും ഉച്ചയ്ക്ക് 2.30ന് കൊല്ലം സാമ്പ്രാണികൊടി ജെട്ടി പഞ്ചായത്ത് ലേലം ഹാളിലും സിറ്റിങ് നടക്കും. 12ന് രാവിലെ 11ന് പത്തനംതിട്ട ഗവി ഗഎളഇ ഹാളിലും 16ന് രാവിലെ 10ന് കോട്ടയം കുമരകം കവണാറ്റിൻകര ഡിസ്ട്രിക്ട് ടൂറിസം ഓഫീസിലും, ഉച്ചയ്ക്ക് 2.30ന് ആലപ്പുഴ (പാർട്ട്) ചമ്പക്കുളം പുളിങ്കുന്ന് പള്ളാത്തുരുത്തി ഹൗസ് ബോട്ട് ടെർമിനലിലും നടക്കും. 18ന് രാവിലെ 11 മണിക്ക് ആലപ്പുഴ ഛ/ീ ഡെപ്യൂട്ടി ഡയറക്ടർ, ഡിസ്ട്രിക്ട് ടൂറിസ്റ്റ് ഓഫീസ് പുന്നമട, ഫിനിഷിംഗ് പോയിന്റിലും 20ന് രാവിലെ 11ന് എറണാകുളം മറൈൻഡ്രൈവ് കമ്മീഷൻ ഹെഡ് കോട്ടേഴ്സ് ഏഇഉഅ ഷോപ്പിംഗ് കോംപ്ലക്സിലും 22ന് രാവിലെ 11ന് എറണാകുളം ഭൂതത്താൻകെട്ട് ഇറിഗേഷൻ ഇൻസ്പെക്ഷൻ ബംഗ്ലാവിലും സിറ്റിങ് നടക്കും. സെപ്റ്റംബർ 23ന് രാവിലെ 11ന് ഇടുക്കി മാട്ടുപ്പെട്ടി ദേവികുളം പഞ്ചായത്ത് ഹാളിലും 24ന് രാവിലെ 11ന് ഇടുക്കി സിവിൽ സ്റ്റേഷൻ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 25ന് രാവിലെ 11ന് ഇടുക്കി കുമളി ഉഠജഇ ഹാളിലും ഹിയറിങ് നടക്കും.

ഒക്ടോബർ 13ന് രാവിലെ 11ന് കാസർഗോഡ് കാഞ്ഞങ്ങാട് നീലേശ്വരം ബോട്ട് ടെർമിനലിലും 14ന് രാവിലെ 11ന് കണ്ണൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 15ന് രാവിലെ 10.30ന് കോഴിക്കോട് ഏലത്തൂർ പഞ്ചായത്ത് ഓഡിറ്റോറിയത്തിലും ഉച്ചയ്ക്ക് 2.30ന് ബേപ്പൂർ പോർട്ട് ഓഫീസിലും നടക്കും. 17ന് രാവിലെ 11 മണിയ്ക്ക് വയനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 18ന് ഉച്ചയ്ക്ക് 3ന് പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലും 21ന് രാവിലെ 11ന് തൃശ്ശൂർ അഴിക്കോട് കേരള മാരിടൈം അക്കാദമി ഹാളിലും 22ന് രാവിലെ 11ന് മലപ്പുറം തിരൂർ വാഗൺ ട്രാജഡി ഹാളിലും 23ന് രാവിലെ 11ന് മലപ്പുറം അരീക്കോട് കമ്മ്യൂണിറ്റി ഹാളിലും ഹിയറിങ് നടക്കും.

# സംസ്ഥാന കർഷക അവാർഡുകൾ പ്രഖ്യാപിച്ചു

## അവാർഡുകൾ 17 ന് മുഖ്യമന്ത്രി സമ്മാനിക്കും

കാർഷിക മേഖലയിലെ സമഗ്ര വളർച്ചയ്ക്ക് വിവിധ വിഭാഗങ്ങളിലായി സംഭാവന നൽകുന്നവർക്കുള്ള 2024ലെ സംസ്ഥാന കർഷക അവാർഡുകൾ കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പ്രഖ്യാപിച്ചു.

മികച്ച പ്രവർത്തനം കാഴ്ചവച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുള്ള സി അച്യുതമേനോൻ അവാർഡിന് വയനാട് മീനങ്ങാടി ഗ്രാമപഞ്ചായത്ത് അർഹമായി. 10 ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം. മികച്ച കൃഷിഭവന് നൽകുന്ന വി.വി രാഘവൻ സ്മാരക അവാർഡ് മലപ്പുറം താനാളൂർ കൃഷിഭവന് ലഭിച്ചു. 5 ലക്ഷം രൂപയും ഫലകവും സർട്ടിഫിക്കറ്റും അടങ്ങുന്നതാണ് പുരസ്കാരം. കാർഷിക ഗവേഷണത്തിനുള്ള എം.എസ് സ്വാമിനാഥൻ അവാർഡ് കേരള കാർഷിക സർവകലാശാല കൊക്കോ ഗവേഷണ കേന്ദ്രം പ്രൊഫസറും മേധാവിയുമായ ഡോ. മിനിമോൾ ജെ.എസിനാണ്.

പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ് പാലക്കാട് തുമ്പിടി കരിപ്പായി പാടശേഖര നെല്ലുൽപാദക സമിതിക്കാണ്. അബ്ബണ്ണൂർ ഊരും അടിച്ചിൽത്തൊട്ടി ഉന്നതിയും ജൈവകൃഷി നടത്തുന്ന ആദിവാസി ഊരിനുള്ള പുരസ്കാരങ്ങളിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടി. സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ അവാർഡ് സി.ജെ സ്കറിയ പിള്ളയ്ക്കും കേര കേസരി അവാർഡ് എൻ മഹേഷ് കുമാറിനും ലഭിച്ചു. പൈതൃക കൃഷി / വിത്ത് സംരക്ഷണം / വിളകളുടെ സംരക്ഷണ പ്രവർത്തനം നടത്തുന്ന ആദിവാസി ഊരിനുള്ള പുരസ്കാരം വയനാട്ടിലെ അടുമാരി നേടി. ജൈവ കർഷകനായി റംലത്ത് അൽഹാദും യുവകർഷകനായി മോനു വർഗ്ഗീസ് മാമ്മനും ഹരിതമിത്രമായി ആർ. ശിവദാസനും ഹൈടെക് കർഷകനായി ബി.സി സിസിൽ ചന്ദ്രനും കർഷക ജ്യോതിയായി മിഥുൻ എൻ.എസും തേനീച്ച കർഷകനായി ഉമറലി ശിഹാബ് ടി എയും കർഷകതിലകമായി വാണി വിയും ശ്രമശക്തിയായി പ്രശാന്ത് കെ പി യും തെരഞ്ഞെടുക്കപ്പെട്ടു. കാർഷിക പ്രവർത്തനത്തിലേർപ്പെട്ടിരിക്കുന്ന ട്രാൻസ്ജെൻഡറിനുള്ള അവാർഡിന് വിനോദിനിയും കാർഷകമേഖലയിലെ നൂതന ആശയത്തിന് ജോസഫ് പീച്ചനാട്ടിനുമാണ് അവാർഡ്. കർഷകഭാരതി അവാർഡിൽ അച്ചടി മാധ്യമത്തിൽ നിന്നും ഇടുക്കി ജനയുഗം ബ്യൂറോചീഫ് ആർ സാംബനും മൃഗസംരക്ഷണ വകുപ്പ് വെറ്റിനറി സർജൻ ഡോ. എം മുഹമ്മദ് ആസിഫും ഒന്നാം സ്ഥാനം പങ്കിട്ടു. ദൂരദർശൻ കേന്ദ്രത്തിലെ കുറിച്ചി രാജശേഖരനാണ് ദൃശ്യ മാധ്യമ അവാർഡ്. നവമാധ്യമ വിഭാഗത്തിൽ മാതൃഭൂമി കണ്ടന്റ് റൈറ്റർ ട്രെയിനി അനുദേവസ്യയ്ക്കും ശ്രവ്യമാധ്യമ വിഭാഗത്തിൽ ആകാശവാണി റിട്ട. പ്രോഗ്രാം എക്സിക്യൂട്ടീവ് മുരളീധരൻ തഴക്കരയ്ക്കുമാണ്. പി.ജെ. തോമസിനാണ് ക്ഷോണിസംരക്ഷണ അവാർഡ്. മികച്ച കൂൺ കർഷകനായി രാഹുൽ എൻ വിയും ചക്ക സംസ്കരണത്തിന് തങ്കച്ചൻ വൈയും തെരഞ്ഞടുക്കപ്പെട്ടു. ഉൽപാദന മേഖലയിൽ വെള്ളൂർ പച്ചക്കറി കൃഷിക്കൂട്ടത്തെയും സേവനമേഖലയിൽ വല്ലപ്പുഴ കാർഷിക കർമ്മസേന കൃഷിക്കൂട്ടത്തെയും മൂല്യവർദ്ധിത മേഖലയിൽ ഈസി ആൻഡ് ഫ്രഷ് കൃഷിക്കൂട്ടത്തെയും മികച്ച കൃഷിക്കൂട്ടമായി തെരഞ്ഞെടുത്തു. കർഷക വിദ്യാർഥിക്കുള്ള പുരസ്കാരത്തിന് സ്കൂൾ തലത്തിൽ പാർവതി എസും ഹയർ സെക്കൻഡറി തലത്തിൽ സ്റ്റെയിൻ പി എസും കലാലയ തലത്തിൽ വിഷ്ണു സഞ്ജയും അർഹരായി. മലബാർ കൈപ്പാട് ഫാർമർ പ്രൊഡ്യൂസർ കമ്പനിക്കാണ് കാർഷിക മേഖലയിൽ കയറ്റുമതി ചെയ്യുന്ന ഗ്രൂപ്പിനുള്ള അവാർഡ്.

ചുങ്കത്തറ സർവീസ് സഹകരണ ബാങ്ക് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കുള്ള അവാർഡും തട്ടേക്കാട് അഗ്രോ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ലിമിറ്റഡ് എഫ്.പി.ഒ യ്ക്കുള്ള അവാർഡും നേടി. ഇടച്ചേരി റസിഡൻസ് അസോസിയേഷനാണ് മികച്ച റെസിഡൻസ് അസോസിയേഷൻ. സെന്റ് മേരീസ് യു.പി സ്കൂൾ പയ്യന്നൂരും എ.എം.എം.എൽ.പി സ്കൂൾ പുളിക്കലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒന്ന്, രണ്ട് സ്ഥാനങ്ങളും എമ്മാവൂസ് വില്ല റെസിഡൻഷ്യൽ സ്കൂളും സെന്റ് ഡൊമനിക് സ്കൂളും സ്പെഷ്യൽ സ്കൂളുകളിൽ ഒന്ന്, രണ്ട് സ്ഥാനങ്ങളും നേടി. പോഷകത്തോട്ടത്തിനുള്ള അവാർഡ് എൻ ഹരികേശൻ നായറും പച്ചക്കറി ക്ലസ്റ്ററിനുള്ള അവാർഡ് ചത്തിയറ എ ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററും നേടി. കൃഷി വകുപ്പ് ഒഴികെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കോട്ടൂർ നെട്ടുകാൽത്തേരി ഓപ്പൺപ്രിസൺ ആൻഡ് കറക്ഷണൽ ഹോമും നീണ്ടകര ഹാർബർ, ഹാർബർ എൻജിനീയറിങ് സെക്ഷൻ നം. 2 അസിസ്റ്റന്റ് എൻജിനീയർ ഓഫീസും വൈക്കം സർക്കാർ അതിഥി മന്ദിരവും യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിനാണ് സ്വകാര്യ സ്ഥാപനത്തിനുള്ള അവാർഡ്.

വെള്ളാങ്ങല്ലൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ സ്മിത എം.കെയും പെരുമ്പടപ്പ് കൃഷി അസിസ്റ്റന്റ് ഡയറക്ടർ വിനയൻ എം വിയും കായംകുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ സുമറാണി പി യും മികച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കുള്ള അവാർഡുകളിൽ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. ഫാം ഓഫീസർക്കുള്ള അവാർഡുകളിൽ ഒന്നാം സ്ഥാനം ഗാളിമുഖ കാഷ്യു പ്രോജനി ഓർച്ചാർഡ് കൃഷി ഓഫീസർ എൻ. സൂരജിനാണ്. രണ്ടാം സ്ഥാനം പെരിങ്ങമല ജില്ലാ കൃഷിത്തോട്ടം സൂപ്രണ്ട് റീജ അർ. എസും മൂന്നാം സ്ഥാനം പേരാമ്പ്ര സ്റ്റേറ്റ് സീഡ് ഫാം സീനിയർ കൃഷി ഓഫീസർ പി പ്രകാശും നേടി. മികച്ച കൃഷി ഓഫീസർ വിഭാഗത്തിൽ വല്ലപ്പുഴ കൃഷി ഭവൻ കൃഷി ഓഫീസർ ദീപ യു. വി ക്കാണ് ഒന്നാം സ്ഥാനം. ഉപ്പുതറ കൃഷിഭവൻ കൃഷി ഓഫീസർ ധന്യ ജോൺസൺ രണ്ടാം സ്ഥാനവും മീനങ്ങാടി കൃഷിഭവൻ കൃഷി ഓഫീസർ ജ്യോതി സി ജോർജ്ജ് മൂന്നാം സ്ഥാനവും നേടി.

മികച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റിനുള്ള അവാർഡുകളിൽ പേരാമ്പ്ര കൃഷി ഭവൻ കൃഷി അസിസ്റ്റന്റ് ഡോ. അഹൽജിത്ത് ആർ ഒന്നാം സ്ഥാനവും വാഴയൂർ കൃഷിഭവൻ കൃഷി അസിസ്റ്റന്റ് ജാഫർ കെ കെ രണ്ടാം സ്ഥാനവും ചെറുപുഴ കൃഷിഭവൻ കൃഷി അസിസ്റ്റന്റ് സുരേശൻ എം.കെ മൂന്നാം സ്ഥാനവും നേടി. കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അബ്ദുൾ മജീദ് ടി പി മികച്ച കൃഷി ജോയിന്റ് ഡയറക്ടർക്കുള്ള അവാർഡിനും മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസ് ഡെപ്യൂട്ടി ഡയറക്ടർ (ക്രെഡിറ്റ്) ശ്രീലേഖ പി കൃഷി ഡെപ്യൂട്ടി ഡയറക്ടർക്കുള്ള അവാർഡിനും വയനാട് കൃഷി അസിസ്റ്റന്റ് എൻജിനീയർ രാജേഷ് പി ഡി എൻജിനീയർക്കുള്ള അവാർഡിനും അർഹരായി. വർഗ്ഗീസ് തോമസിനെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട മികച്ച കർഷകനായും ഫ്യൂസ്‌ലേജ് ഇന്നോവേഷൻ പ്രൈവറ്റ് ലിമിറ്റഡിന് മികച്ച കാർഷിക സ്റ്റാർട്ടപ്പായും തെരഞ്ഞെടുത്തു. അതാത് വർഷങ്ങളിൽ കൃഷി വകുപ്പിന്റെ പ്രത്യേക പദ്ധതികൾ മികവോടെ നടപ്പിലാക്കിയ കൃഷിഭവന് നൽകുന്ന അവാർഡിന് കണ്ണൂർ മാങ്ങാട്ടിടം കൃഷിഭവനെ തെരഞ്ഞെടുത്തു.

പുരസ്കാരങ്ങൾ ആഗസ്റ്റ് 17 തൃശൂർ തേക്കിൻകാട് മൈതനത്ത് രാവിലെ 11ന് നടക്കുന്ന കർഷകദിനാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും. കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് അദ്ധ്യക്ഷനാകുന്ന പരിപാടിയിൽ റവന്യു മന്ത്രി കെ രാജനൻ, ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ ആർ ബിന്ദു തുടങ്ങിയവർ പങ്കെടുക്കുമെന്നും മന്ത്രി അറിയിച്ചു. മാസ്കറ്റ് ഹോട്ടലിൽ നടന്ന വാർത്താസമ്മേളനത്തിൽ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ ബി അശോകും ഡയറക്ടർ ശ്രീറാം വെങ്കിട്ടരാമനും സംബന്ധിച്ചു.

## സ്പോട്ട് അഡ്മിഷൻ

തൃശൂർ സർക്കാർ എൻജിനിയറിങ് കോളേജിലെ എം.സി.എ കോഴ്സിൽ എസ്.സി വിഭാഗത്തിൽ ഒഴിവുള്ള 1 സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. വിശദവിവരങ്ങൾക്ക്: www.gectcr.ac.in.

## ഡൽഹിയിൽ പ്രായപൂർത്തിയാകാത്ത കുട്ടികൾ സ്വിമ്മിംഗ് പൂളിൽ പീഡനത്തിന് ഇരയായി

ന്യൂഡൽഹി: വടക്കൻ ഡൽഹിയിലെ നരേല പ്രാന്തപ്രദേശത്തുള്ള സ്വകാര്യ സ്വിമ്മിംഗ് പൂളിൽ നിന്തൽ പരിശീലനത്തിനു പോയ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ കൂട്ട ബലാത്സംഗത്തിന് ഇരയായി.ഒൻപത്, 12 വയസുള്ള പെൺകുട്ടികൾ ഓഗസ്റ്റ് അഞ്ചിനാണ് പീഡനത്തിന് ഇരയായത്. കുട്ടികൾ അവരുടെ മാതാപിതാക്കളെ വിവരം അറിയിച്ചതിനു പിന്നാലെ ഇരു കുടുംബാംഗങ്ങളും പോലീസിൽ പരാതി നൽകി. ആരോപണങ്ങൾ സ്ഥിരീകരിക്കുന്നതിനായി പോലീസ് രണ്ട് പെൺകുട്ടികളെയും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കി. നീന്തൽക്കുളത്തിൽ പരിശീലനത്തിനായി പോയപ്പോൾ പ്രതികളിൽ ഒരാളായ അനിൽ കുമാർ ഇരുവരെയും മുറിയിലേക്ക് കൂട്ടിക്കൊണ്ടു പോയി ലൈംഗീകമായി പീഡിപ്പിച്ചു എന്നാണ് മൊഴി. തുടർന്ന് ഇയാളുടെ സുഹൃത്ത് മുനിൽ കുമാറും പീഡിപ്പിച്ചു. സംഭവം പുറത്തുപറഞ്ഞാൽ കൊല്ലുമെന്നായിരുന്നു ഭീഷണി. ഇരകളുടെ മൊഴി പ്രകാരം കേസെടുത്ത പോലീസ് പ്രതികളെ കണ്ടെത്താനായി അന്വേഷണം ആരംഭിച്ചു. കൂട്ടബലാത്സംഗം, അന്യായ തടങ്കൽ, ഭീഷണിപ്പെടുത്തൽ എന്നീ കുറ്റങ്ങൾ ചുമത്തിയാണ് കേസ് അന്വേഷണം ആരംഭിച്ചത്. പോക്സോ വകുപ്പും പ്രതികൾക്കെതിരെ ചുമത്തിയിട്ടുണ്ട്.

## ഭാര്യയുമായി അവിഹിത ബന്ധം; യുവാവിനെ ബാല്യകാല സുഹൃത്ത് കൊലപ്പെടുത്തി

ബംഗളൂരു: കർണാടകയിൽ യുവാവിനെ ഭാര്യയുടെ കാമുകൻ കൊലപ്പെടുത്തി. ബംഗളൂരുവിലാണ് സംഭവം. വിജയകുമാർ(39) ആണ് കൊല്ലപ്പെട്ടത്. വിജയ കുമാറിനെ ബാല്യകാല സുഹൃത്തായ ധനഞ്ജയ ആണ് കൊലപ്പെടുത്തിയത്. ഇരുവരും 30 വർഷത്തോളമായി സുഹൃത്തുക്കളായിരുന്നു. ബംഗളൂരുവിലെ മഗഡിയിലാണ് ഇരുവരും വളർന്നത്. റിയൽ എസ്റ്റേറ്റ് ബിസിനസ് ചെയ്തിരുന്ന വിജയകുമാർ പത്ത് വർഷം മുമ്പ് ആശ എന്ന യുവതിയെ വിവാഹം ചെയ്തിരുന്നു. കാമാക്ഷിപാളയയിലാണ് ദമ്പതികൾ താമസിച്ചിരുന്നത്. തന്റെ ഭാര്യയ്ക്ക് ധനഞ്ജയയുമായി അവിഹിത ബന്ധമുണ്ടെന്ന് അടുത്തിടെ വിജയ കുമാർ കണ്ടെത്തിയിരുന്നു. ഇതേതുടർന്ന് ഇരുവരും തമ്മിൽ വഴക്കുണ്ടായി. പിന്നീട് വിജയ് ഭാര്യയോടൊപ്പം കടബാഗരെയ്ക്കടുത്തുള്ള മച്ചോഹള്ളിയിലെ ഒരു വാടക വീട്ടിലേക്ക് താമസം മാറി. എന്നാൽ ധനഞ്ജയും ആശയും തമ്മിലുള്ള ബന്ധം തുടർന്നു. സംഭവദിവസം പകൽ മുഴുവൻ വീട്ടിലുണ്ടായിരുന്ന വിജയ കുമാർ വൈകുന്നേരം വീട്ടിൽ നിന്നും പുറത്തിറങ്ങി. പിന്നീട് ഇയാളെ മച്ചോഹള്ളിയിലെ ഡിഗ്രൂപ്പ് ലേഔട്ട് പ്രദേശത്ത് മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

# വി.എച്ച്.എസ്.ഇ വിഭാഗം എൻ.എസ്.എസ്. അവാർഡ് പ്രഖ്യാപിച്ചു

പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ വിഭാഗത്തിന്റെ നാഷണൽ സർവീസ് സ്കീം പ്രവർത്തന മികവിനുള്ള 2024-2025 അധ്യയന വർഷത്തെ സംസ്ഥാന / ജില്ലാതല പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. വിദ്യാർഥി, വിദ്യാലയ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നിർവഹിച്ചതിലുള്ള മികവുകൾ കണക്കലെടുത്താണ് പുരസ്കാരങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. സംസ്ഥാനമൊട്ടുക്കുമുള്ള 345 ൽ പരം സ്കൂൾ യൂണിറ്റുകൾ / പ്രോഗ്രാം ഓഫീസർമാർ എന്നിവരിൽ നിന്നും 35,000 ത്തോളം വരുന്ന വിദ്യാർഥി വോളണ്ടിയർമാരിൽ നിന്നുമാണ് മികവു പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ജേതാക്കൾ അവാർഡിനർഹരായത്. സെപ്റ്റംബർ മാസം പകുതിയോടെ തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പുരസ്കാരങ്ങൾ സമർപ്പിക്കും.

മികച്ച സ്കൂൾ യൂണിറ്റുകൾക്കുള്ള സംസ്ഥാനതല പുരസ്കാരത്തിന് തിരുവനന്തപുരം വിതുര ഗവ. വി.എച്ച്.എസ്.എസും കാസർഗോഡ് കൊടക്കാട് കെ.എം.വി.എച്ച്.എസ്.എസും അർഹരായി. വിതുര ഗവ. വി.എച്ച്.എസ്.എസിലെ അരുൺ വി.പിയും കൊടക്കാട് കെ.എം.വി.എച്ച്.എസ്.എസിലെ വിനിത എമ്മും മികച്ച പ്രോഗ്രാം ഓഫീസർമാർക്കുള്ള പുരസ്കാരത്തിന് അർഹരായി.

കോഴിക്കോട് റഹ്മാനിയ വി.എച്ച്.എസ്.എസിലെ ഹിബ ഫാത്തിമ ഇ, മലപ്പുറം കൽപ്പകഞ്ചേരി ഗവ. വി.എച്ച്.എസ്.എസിലെ അനുശ്രീ കെ, ഇടുക്കി, തൊടുപുഴ ഗവ. വി.എച്ച്.എസ്.എസിലെ അലൻ ജെ. വി, കോഴിക്കോട് പരപ്പിൽ എം.എം.വി.എച്ച്.എസ്.എസിലെ മുഹമ്മദ് ഗെയ്ത്ത് എൻ. വി എന്നീ വിദ്യാർഥികൾ മികച്ച വോളണ്ടിയർമാരായി.ഇടുക്കി അടിമാലി എസ്.എൻ.ഡി.പി. വി.എച്ച്.എസ്.എസും സ്കൂളിലെ പ്രോഗ്രാം ഓഫീസറും പ്രത്യേക സംസ്ഥാനതല പുരസ്കാരത്തിന് അർഹരായി. തിരുവനന്തപുരം കിളിമാനൂർ ആർ.ആർ.വി. വി.എച്ച്.എസ്.എസ്, കൊല്ലം ചാത്തന്നൂർ ഗവ. വി.എച്ച്.എസ്.എസ്, പത്തനംതിട്ട വയ്യാറ്റുപുഴ വി.കെ.എൻ.എം വി.എച്ച്.എസ്.എസ്, ആലപ്പുഴ കൃഷ്ണപുരം ഗവ. വി.എച്ച്.എസ്.എസ്, കോട്ടയം കുമരകം ഗവ. വി.എച്ച്.എസ്.എസ്, എറണാകുളം കടമക്കുടി ഗവ. വി.എച്ച്.എസ്.എസ്, തൃശൂർ ഇരിങ്ങാലക്കുട ഗവ. മോഡൽ ബോയ്സ് വി.എച്ച്.എസ്.എസ്, പാലക്കാട് മലമ്പുഴ ഗവ. വി.എച്ച്.എസ്.എസ്, മലപ്പുറ എടവണ്ണ എസ്.എച്ച്.എം ഗവ. വി.എച്ച്.എസ്.എസ്, കാലിക്കറ്റ് ഗവ. വി.എച്ച്.എസ്.എസ്, കണ്ണൂർ അഴീക്കൽ ജി.ആർ.എഫ്.ടി ഗവ. വി.എച്ച്.എസ്.എസ്, കാസർഗോഡ് തൃക്കരിപ്പൂർ ഗവ. വി.എച്ച്.എസ്.എസ് എന്നീ സ്കൂളുകൾ ജില്ലാതല അവാർഡിന് അർഹരായി.

## സ്പോട്ട് അഡ്മിഷൻ മാറ്റിവച്ചു

ആഗസ്റ്റ് 14 ന് തൃശൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ നടത്താനിരുന്ന ബി.ടെക് / ബി.ആർക് കോഴ്സുകളുടെ സ്പോട്ട് അഡ്മിഷൻ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.



തിരുവനന്തപുരം വിളപ്പിൽശാലയിൽ പോളിടെക്നിക്ക് കോളേജ് തുടങ്ങുന്നതിന് സ്ഥലം കൈമാറുന്നതിനുള്ള ഉത്തരവ് മന്ത്രി രാജൻ മന്ത്രി ഡോ ആർ ബിന്ദുവിന് കൈമാറുന്നു.



തൃശൂർ കോൾപ്പാടങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ മന്ത്രി കെ രാജന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം

# രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജ് പ്രവേശന പരീക്ഷ 7ന്

ഡെറാഡൂണിലെ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് 2026 ജൂലൈ മാസത്തിൽ നടക്കുന്ന പ്രവേശനത്തിനുള്ള യോഗ്യതാപരീക്ഷ തിരുവനന്തപുരം പൂജപ്പുര പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ 2025 ഡിസംബർ 7ന് നടക്കും.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പരീക്ഷയ്ക്ക് അപേക്ഷിക്കാം.

പരീക്ഷാർത്ഥി പ്രവേശനസമയത്ത് 2026 ജൂലൈ 1–ന് ഏതെങ്കിലും അംഗീകൃത സ്കൂളിൽ ഏഴാം ക്ലാസ് പഠിക്കുകയോ, ഏഴാം ക്ലാസ് പാസായിരിക്കുകയോ വേണം. പരീക്ഷാർഥി 2013 ജൂലൈ 2–നും 2015 ജനുവരി 1–നും ഇടയിൽ ജനിച്ചവരായിരിക്കണം. (2026 ജൂലൈ 1–ന് അഡമിഷൻ സമയത്ത് 111/2 വയസ്സ് മുതൽ 13 വയസ്സ് വരെ പ്രായമുള്ളവരായിരിക്കണം). അഡിഷൻ നേടിയതിനു ശേഷം ജനന തീയതിയിൽ മാറ്റം അനുവദിക്കില്ല.

പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷാഫോമും മുൻ വർഷങ്ങളിലെ ചോദ്യപേപ്പറുകളും ലഭിക്കുന്നതിനായി രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിലേക്ക് അപേക്ഷിക്കണം. ജനറൽ വിഭാഗത്തിലെ കുട്ടികൾക്ക് 600 രൂപയും, എസ്.സി/ എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് 555 രൂപയുമാണ് ഫീസ്. എസ്.സി/എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ സഹിതം അപേക്ഷാഫോമിന് അപേക്ഷിക്കാം.

അപേക്ഷ സ്പീഡ് പോസ്റ്റിൽ ലഭിക്കും. നിർദിഷ്ട അപേക്ഷ ലഭിക്കുന്നതിനായി മേൽ പരാമർശിച്ച തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് 'THE COMMANDANT, RIMC FUND,' DRAWEE BRANCH, HDFC BANK, BALLUPUR CHOWK, DEHRADUN, (BANK CODE - 1399), UTTARAKHAND എന്ന വിലാസത്തിൽ മാറാവുന്ന തരത്തിൽ 'THE COMMANDANT, RASHTRIYA INDIAN MILITARY COLLEGE, GARHI CANTT, DEHRADUN, UTTARAKHAND, PIN 248003' എന്ന വിലാസത്തിൽ അപേക്ഷിക്കണം. മേൽവിലാസം വ്യക്തമായി പിൻകോഡ്, ഫോൺനമ്പർ ഉൾപ്പെടെ CAPITAL LETTER (ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ) എഴുതണം. അപൂർണമായ മേൽവിലാസം കാരണമോ, തപാൽ വകുപ്പിന്റെ വീഴ്ച കാരണമോ അപേക്ഷ ലഭിക്കുന്നതിന് കാലതാമസം നേരിട്ടാൽ ആയതിന്' RIMC ഉത്തരവാദി ആയിരിക്കുന്നതല്ല.

കേരളത്തിലും, ലക്ഷദ്വീപിലുമുള്ള അപേക്ഷകർ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിക്കുന്ന നിർദ്ദിഷ്ട അപേക്ഷകൾ പൂരിപ്പിച്ച് ഒക്ടോബർ 15നു മുൻപായി ലഭിക്കുന്ന തരത്തിൽ "സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം–12' എന്ന വിലാസത്തിൽ രേഖകൾ സഹിതം അയയ്ക്കണം.

ഡെറാഡൂൺ രാഷ്ട്രീയ ഇൻഡ്യൻ മിലിട്ടറി കോളേജിൽ നിന്നും ലഭിച്ച നിർദ്ദിഷ്ട അപേക്ഷാഫോം (2 കോപ്പി). (ആയതിൽ സ്കൂളിലെ മേലധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം)., പാസ്പോർട്ട് വലിപ്പത്തിലുള്ള 2 ഫോട്ടോകൾ (ഒരു കവറിൽ ഉള്ളടക്കം ചെയ്തിരിക്കണം.) ജനന സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ 2 പകർപ്പുകൾ. സ്ഥിരമായ മേൽവിലാസം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (Domicile Certificate) (2 കോപ്പി), നിലവിൽ വിദ്യാർത്ഥി പഠിക്കുന്ന സ്കൂളിലെ മേലധികാരി വിദ്യാർത്ഥിയുടെ ജനനതീയതിയും ഏതു ക്ലാസ്സിൽ പഠിക്കുന്നു എന്നുള്ളതും രേഖപ്പെടുത്തി ഫോട്ടോ സാക്ഷ്യപ്പെടുത്തിക്കൊണ്ടുള്ള സർട്ടിഫിക്കറ്റ്, 1 പകർപ്പ് സഹിതം ഉള്ളടക്കം ചെയ്തിരിക്കണം. പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ 2 പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കണം.

ആധാർ കാർഡിന്റെ 2 പകർപ്പ്' (ഇരുവശവും ഉൾപ്പെടുത്തിയത്). അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കും. 9.35 ঃ 4.25 ഇഞ്ച് വലിപ്പത്തിലുള്ള പോസ്റ്റേജ് കവർ (അഡ്മിഷൻ ടിക്കറ്റ് ലഭിക്കേണ്ട മേൽ വിലാസം എഴുതി 42 രൂപയുടെ സ്റ്റാമ്പ് പതിച്ചത്) എന്നിവയും ഉൾപ്പടെയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

## ബാലസുരക്ഷിത കേരളം' സമഗ്ര കർമ്മപദ്ധതിയുടെ സംസ്ഥാനതല ആലോചന യോഗവും ലോഗോ പ്രകാശനവും ഇന്ന്

കേരളത്തിൽ കുട്ടികളുടെ സമഗ്ര ക്ഷേമത്തിനായി വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ രൂപീകരിച്ച 'ബാലസുരക്ഷിത കേരളം' സമഗ്ര കർമ്മപദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ സംസ്ഥാന മേധാവികളുടെ സംസ്ഥാനതല ആലോചന യോഗം ഇന്ന് (ആഗസ്റ്റ് 14) കെ.ടി.ഡി.സി മാസ്കറ്റ് ഹോട്ടലിൽ രാവിലെ 10 മണിക്ക് നടക്കും. യോഗത്തിന്റെ ഉദ്ഘാടനവും ബാലസുരക്ഷിത കേരളം ലോഗോ പ്രകാശനവും ആരോഗ്യവും വനിത ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും.

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത വി. കുമാർ പദ്ധതി ലക്ഷ്യങ്ങളും നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളും അവതരിപ്പിക്കും. തുടർന്ന് വിവിധ സർക്കാർ വകുപ്പുകളുമായി ചർച്ചകൾ നടത്തി പദ്ധതി പ്രാവർത്തികാമാക്കുന്നതിനുള്ള മാർഗ്ഗരേഖയും ചുമതലയും നിശ്ചയിക്കും. കേരളം ഉയർന്ന സാക്ഷരതാ നിരക്കും ആരോഗ്യ സേവന ലഭ്യതയും ഉൾപ്പെടുന്ന മാനുഷിക വികസന സൂചികകളിൽ മുൻതൂക്കം പുലർത്തുന്ന സംസ്ഥാനമായിരുന്നിട്ടും അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന പല പ്രദേശങ്ങളെയും പോലെ കുട്ടികളുടെ സമഗ്രമായ വികസനം ഉറപ്പാക്കുന്നതിൽ നമ്മുടെ സംസ്ഥാനവും വെല്ലുവിളികൾ നേരിടുന്നു. നഗരവത്കരണം, മാറിക്കൊണ്ടിരിക്കുന്ന കുടുംബഘടന, സ്ക്രീൻ ടൈം വർധിക്കുന്നത്, അക്കാദമിക് സമ്മർദ്ദം എന്നിവ കുട്ടികളുടെ മൊത്തത്തിലുള്ള സമഗ്ര വികസനത്തെ ബാധിക്കുന്ന ചില ഘടകങ്ങളാണ്. കൂടാതെ ബാലവേല, ദുരുപയോഗം, അവഗണന തുടങ്ങിയ പ്രശ്നങ്ങൾ ഇന്ത്യയുടെ മറ്റ് ചില ഭാഗങ്ങളെ അപേക്ഷിച്ച് കുറഞ്ഞ നിരക്കിലാണെങ്കിലും നിലനിൽക്കുന്നു. ഈ വെല്ലുവിളികളെ അതിജീവിച്ചു വിവിധ സർക്കാർ–സർക്കാരിതര സംവിധാനങ്ങളെ ഏകോപിപ്പിച്ചു 'വിവേചനവും ചൂഷണവും അതിക്രമവും രഹിതമായ ബാലസൗഹൃദ കേരളം' എന്നതാണ് കർമ്മ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്.

## ചൈനീസ് ഉത്പന്നങ്ങൾക്കുള്ള തീരുവ ഉയർത്തൽ 90 ദിവസത്തേക്ക് കൂടി നീട്ടി ട്രംപ്

വാഷിംഗ്ടൺ ഡിസി: ബീജിംഗും വാഷിംഗ്ടണും തമ്മിലുള്ള വ്യാപാര ഉടമ്പടി അവസാനിക്കുന്നതിന് മണിക്കൂറുകൾക്ക് മുമ്പ് ചൈനീസ് ഉത്പന്നങ്ങൾക്ക് ഉയർന്ന തീരുവ വീണ്ടും ഏർപ്പെടുത്തുന്നത് വൈകിപ്പിക്കുന്ന ഉത്തരവിൽ യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് ഒപ്പുവച്ചതായി റിപ്പോർട്ട്.

ഈ വിഷയത്തെക്കുറിച്ചുള്ള ചോദ്യങ്ങളോട് വൈറ്റ് ഹൗസ് പ്രതികരിച്ചില്ല. കഴിഞ്ഞ മാസം സ്റ്റോക്ക്ഹോമിൽ യുഎസും ചൈനീസ് വ്യാപാര ഉദ്യോഗസ്ഥരും തമ്മിൽ നടന്ന ചർച്ചകൾക്ക് ശേഷമാണ് താരിഫ് സമയപരിധിയിൽ കാലതാമസം ഉണ്ടായത്. ജനീവയിൽ നടന്ന ചർച്ചകളെത്തുടർന്ന് മേയിൽ ഇരു രാജ്യങ്ങളും പല തീരുവകളും 90 ദിവസത്തേക്ക് നിർത്തിവയ്ക്കാൻ ആദ്യം സമ്മതിച്ചിരുന്നു. മേയിൽ സമ്മതിച്ച 90 ദിവസത്തെ ഉടമ്പടി പ്രകാരം ചൈനീസ് ഉത്പന്നങ്ങളുടെ യുഎസ് തീരുവ 30 ശതമാനമായി കുറച്ചു, അതേസമയം ചൈന യുഎസ് ഉത്പന്നങ്ങളുടെ ലെവി 10 ശതമാനമായി കുറയ്ക്കുകയും ചെയ്തു.

## ടെക്സസിൽ വെടിവയ്പ്പ്: മൂന്നു പേർ കൊല്ലപ്പെട്ടു; പ്രതി പിടിയിൽ

വാഷിംഗ്ടൺ ഡിസി: അമേരിക്കയിലെ ടെക്സസിൽ വെടിവയ്പ്പ്. മൂന്നുപേർ കൊല്ലപ്പെട്ടു. ടാർഗെറ്റ് സ്റ്റോറിന്റെ പാർക്കിംഗ് സ്ഥലത്താണ് വെടിവയ്പ്പുണ്ടായത്.

പ്രതിയെന്ന് സംശയിക്കുന്നയാളെ പോലീസ് അറസ്റ്റ് ചെയ്തു. സംഭവത്തിന് പിന്നാലെ കാർ മോഷ്ടിച്ച് രക്ഷപെടാൻ ശ്രമിച്ച പ്രതിയെ സൗത്ത് ഓസ്റ്റിനിൽ വച്ച് പോലീസ് സാഹസികമായാണ് പിടികൂടിയത്. 30 വയസ് പ്രായമുള്ള ആളാണ് പിടിയിലായതെന്നും ഇയാൾക്ക് മാനസിക പ്രശ്നങ്ങളുണ്ടെന്ന് സംശയമുണ്ടെന്നും ഓസ്റ്റിൻ പോലീസ് മേധാവി ലിസ ഡേവിസ് പറഞ്ഞു.

## ഇന്ത്യയുടെ എണ്ണ ഇറക്കുമതി തീരുവ റഷ്യയ്ക്ക് തിരിച്ചടിയാകും

വാഷിംഗ്ടൺ ഡിസി: റഷ്യൻ എണ്ണ വാങ്ങുന്നതിന് ഇന്ത്യക്കുമേൽ യുഎസ് ചുമത്തിയ താരിഫുകൾ റഷ്യൻ സമ്പദ്വ്യവസ്ഥക്ക് വലിയ തിരിച്ചടിയാകുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് പറഞ്ഞു. അലാസ്കയിൽ റഷ്യൻ പ്രസിഡൻറ് വ്ളോഡിമിർ പുടിനുമായി അടുത്ത ആഴ്ച നടക്കുന്ന കൂടിക്കാഴ്ചയ്ക്ക് മുന്നോടിയായി നടത്തിയ പത്രസമ്മേളനത്തിലാണ് ട്രംപ് ഇക്കാര്യം പറഞ്ഞത്. റഷ്യയുടെ എണ്ണ വാങ്ങുന്നവരിൽ ഏറ്റവും വലുതോ അല്ലെങ്കിൽ രണ്ടാമത്തേതോ ആയ ഒരാളാണ് ഇന്ത്യയെന്നും റഷ്യയിൽ നിന്നുള്ള ഇന്ത്യയുടെ ഊർജ വാങ്ങലുകൾ ഒരു സമ്മർദ പോയിൻറാണെന്നും യുഎസ് പ്രസിഡൻറ് ചൂണ്ടിക്കാട്ടി. അമേരിക്കൻ വ്യാപാര തീരുവകളുടെയും ആഗോള സമ്മർദങ്ങളുടെയും സംയുക്ത ഫലം റഷ്യയുടെ സമ്പദ്വ്യവസ്ഥയെ അസ്വസ്ഥമാക്കിയിട്ടുണ്ടെന്നും ട്രംപ് പറഞ്ഞു.

വെള്ളിയാഴ്ച അലാസ്കയിൽ റഷ്യൻ പ്രസിഡൻറ് വ്ളോഡിമിർ പുടിനുമായി കൂടിക്കാഴ്ച നടത്തുമെന്ന് യുഎസ് പ്രസിഡൻറ് സ്ഥിരീകരിച്ചു. കൂടിക്കാഴ്ചയ്ക്ക് ശേഷം യൂറോപ്യൻ നേതാക്കളുമായി ചർച്ച നടത്താൻ താൻ പദ്ധതിയിടുന്നുണ്ടെന്നും പുടിനും യുക്രേനിയൻ പ്രസിഡൻറ് വ്ളോഡിമിർ സെലെൻസ്കിയും തമ്മിലുള്ള ചർച്ചകൾക്ക് സൗകര്യമൊരുക്കാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## വനിതാ സംവരണ സീറ്റുകളിലേക്ക് അപേക്ഷിക്കാം

ചാക്ക ഗവ. ഐ.ടി.ഐയിലെ 25 ട്രേഡുകളിലേക്കുള്ള (മെട്രിക്/ നോൺ മെട്രിക്) പ്രവേശനത്തിന് ഒഴിവുള്ള വനിത സംവരണ സീറ്റുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആഗസ്റ്റ് 13 മുതൽ 19 വൈകിട്ട് 5 മണിവരെ ചാക്ക ഐ.ടി.ഐ യിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കാം. അപേക്ഷാ ഫീസ് 100 രൂപ. ഫോൺ: 0471 2502612.

## തമിഴ്നാട് ഗവർണറിൽ നിന്നും ബിരുദം സ്വീകരിക്കാൻ വിസമ്മതിച്ച് പിഎച്ച്ഡി വിദ്യാർഥിനി

ചെന്നൈ: തമിഴ്നാട് ഗവർണറിൽ നിന്നും ബിരുദം സ്വീകരിക്കാൻ വിസമ്മതിച്ച് പിഎച്ച്ഡി വിദ്യാർഥിനി. മനോന്മണിയം സുന്ദരനാർ സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ വച്ച് പിഎച്ച്ഡി വിദ്യാർഥിനിയായ ജീൻ ജോസഫാണ് എതിർപ്പ് പരസ്യമാക്കിയത്. തമിഴ്നാട് ഗവർണർ ആർ. എൻ രവിയിൽ നിന്ന് ഡോക്ടറേറ്റ് സ്വീകരിക്കാൻ വിസമ്മതിച്ച ജീൻ ജോസഫ്, സർവകലാശാല വൈസ് ചാൻസലർ എം. ചന്ദ്രശേഖറിൽ നിന്നാണ് ബിരുദം സ്വീകരിച്ചത്.

ഇതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. തമിഴ് ജനതയുടെയും തമിഴ് ഭാഷയുടെയും താൽപര്യങ്ങൾക്ക് വിരുദ്ധമായി ഗവർണർ പ്രവർത്തിക്കുന്നുവെന്ന് കാണിച്ചാണ് വിദ്യാർഥിനിയുടെ നീക്കമെന്നാണ് റിപ്പോർട്ടുകൾ. തമിഴ്നാട്ടിലെ തിരുനെൽവേലിയിലാണ് മനോന്മണീയം സുന്ദരനാർ യൂണിവേഴ്സിറ്റി.ഓരോരുത്തരായി ഗവർണറിൽ നിന്നും ബിരുദം സ്വീകരിച്ചുകൊണ്ടിരിക്കെ ഗവർണറിൽ നിന്നും ബിരുദം സ്വീകരിക്കാതെ തൊട്ടടുത്ത് നിൽക്കുന്ന വൈസ് ചാൻസിലറുടെ അടുത്തേക്കാണ് ജീൻ ജോസഫ് നീങ്ങുന്നത്.

ഗവർണറിൽ നിന്നാണ് സ്വീകരിക്കേണ്ടതെന്ന് ഫോട്ടോഗ്രാഫർമാരും മറ്റും വിദ്യാർഥിനിയോട് പറയുന്നത് ചെവിക്കൊള്ളാതെയാണ് വിദ്യാർഥിനിയുടെ നടപടി. വേണ്ട എന്ന രീതിയിൽ തലയാട്ടി വൈസ് ചാൻസലറിൽ നിന്നും ബിരുദം സ്വീകരിച്ച് ഫോട്ടോക്ക് പോസ് ചെയ്ത് പെൺകുട്ടി സ്റ്റേജ് വിട്ടുപോകുകയായിരുന്നു.

## സ്പോട്ട് അഡ്മിഷൻ

2025–26 അധ്യായന വർഷത്തിലേക്ക് കണ്ടല ഏകഎളയിലെ ഒന്നാം വർഷ കോഴ്സിനു ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നെയ്യാറ്റിൻകര ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ വച്ചു ആഗസ്റ്റ് 14 ഉച്ചയ്ക്ക് 12.30 മുതൽ നടക്കും. അപേക്ഷകർ എല്ലാ ഒറിജിനൽ സർട്ടിഫിക്കറ്റുകളും പ്രോസ്പെക്ടസിൽ പ്രതിപാദിക്കുന്ന ഫീസും സഹിതം രക്ഷകർത്താവിനോടൊപ്പം കൃത്യസമയത്തിനു ഹാജരാകണം. സംവരണ വിഭാഗത്തിൽ യോഗ്യതയുള്ള വിദ്യാർത്ഥികളുടെ അഭാവത്തിൽ ജനറൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പരിഗണിക്കും.

## ജാർഖണ്ഡിൽ കൊടും കുറ്റവാളിയെ പോലീസ് വെടിവച്ചുകൊന്നു

ഗൊദ്ദ: ജാർഖണ്ഡിൽ കൊടും കുറ്റവാളി സൂര്യ ഹൻസ്ദ എന്നയാളെ പോലീസ് വെടിവച്ചുകൊന്നു. പോലീസ് കസ്റ്റഡിയിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കവേ തിങ്കളാഴ്ച ഗൊദ്ദ ജില്ലയിൽ വച്ചായിരുന്നു സംഭവം. ഞായറാഴ്ച അറസ്റ്റിലായ സൂര്യയെ അന്വേഷണത്തിന്റെ ഭാഗമായി വനമേഖലയിൽ കൊണ്ടുചെന്നപ്പോൾ ഇയാളുടെ കൂട്ടാളികൾ അപ്രതീക്ഷിതമായി പോലീസിനെ ആക്രമിച്ചു. അവസരം മുതലാക്കി രക്ഷപ്പെടാൻ ശ്രമിച്ച സൂര്യ പോലീസ് വെടിവയ്പിൽ കൊല്ലപ്പെടുകയായിരുന്നു. 2024ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ബോറിയോ മണ്ഡലത്തിൽ നിന്ന് ജാർഖണ്ഡ് ലോക് താന്ത്രിക് ക്രാന്തികാരി മോർച്ച ടിക്കറ്റിൽ ഇയാൾ മൽസരിച്ചിരുന്നുവെങ്കിലും ദയനീയ തോൽവി ഏറ്റുവാങ്ങേണ്ടി വന്നു. 2019ൽ ഇതേ മണ്ഡലത്തിൽ ബിജെപി നോമിനിയായി മൽസരിച്ച് 59,441 വോട്ടുകൾ നേടിയിട്ടുമുണ്ട്. 2009ലും 2014ലും ഇവിടെനിന്നു ജാർഖണ്ഡ് വികാസ് മോർച്ച സ്ഥാനാർഥിയായി മൽസരിച്ചിരുന്നെങ്കിലും പരാജയപ്പെടുകയാണുണ്ടായത്.

## ഡെപ്യൂട്ടേഷൻ നിയമനം

കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ ഓഫീസിൽ ഒഴിവുള്ള ക്ലാർക്ക്/ ടൈപ്പിസ്റ്റ് തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനത്തിന് സംസ്ഥാന സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാന തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്നും ഉചിത മാർഗേന നിശ്ചിത മാതൃകയിൽ അപേക്ഷ ക്ഷണിച്ചു. അപേക്ഷ, ബന്ധപ്പെട്ട വകുപ്പ് തലവൻ നൽകുന്ന എൻ.ഒ.സി, കെ.എസ്.ആർ പാർട്ട് ഒന്നിലെ 144–ാം ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഫോം, ബയോഡേറ്റ സഹിതം രജിസ്ട്രാർ, കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം–35 എന്ന വിലാസത്തിൽ സെപ്റ്റംബർ 3ന് വൈകിട്ട് 5നകം ലഭിക്കണം. കൂടതൽ വിവരങ്ങൾക്ക്: www.medicalcouncil.kerala.gov.In.

## അഹമ്മദാബാദ് വിമാനാപകടം; അമേരിക്കയിൽ നഷ്ടപരിഹാരം തേടാനൊരുങ്ങി മരിച്ചവരുടെ കുടുംബം

ന്യൂഡൽഹി: അഹമ്മദാബാദ് എയർ ഇന്ത്യ വിമാനാപകടത്തിൽ അമേരിക്കയിൽ ബോയിംഗ് കമ്പനിയോട് നഷ്ടപരിഹാരം തേടാനൊരുങ്ങി മരിച്ചവരുടെ കുടുംബം. അപകടത്തിൽ കൊല്ലപ്പെട്ട സ്വപ്നിൽ സോണി എന്ന യാത്രക്കാരന്റെ സഹോദരിയായ തൃപ്തി സോണിയാണ് അമേരിക്കയിൽ നിയമ നടപടിക്കൊരുങ്ങുന്നത്.

അമേരിക്കൻ നിർമിതമായ വിമാനത്തിന്റെ യന്ത്രതകരാറാണ് അപകടകാരണമെങ്കിൽ ഇരകൾക്ക് ബോയിംഗ് യുഎസ് നിയമം അനുസരിച്ച് നഷ്ടപരിഹാരം നൽകേണ്ടിവരുമെന്ന് വ്യോമയാന കാര്യങ്ങളിലെ പ്രമുഖ വ്യക്തിയായ മൈക്ക് ആൻഡ്രൂസിനെ ഉദ്ധരിച്ചുള്ള റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഉത്പന്ന ബാധ്യത നിയമം പ്രകാരമാണ് ബോയിംഗിനെതിരെ കേസ് നൽകുന്നതെന്ന് തൃപ്തി സോണി പറഞ്ഞു.

ഇന്ധന സംവിധാനം, ത്രോട്ടിൽ നിയന്ത്രണം എന്നിവയിൽ തകരാർ കണ്ടെത്തിയാൽ അത് യുഎസിൽ ബോയിംഗിനെതിരെ ഉത്പന്ന ബാധ്യതാ കേസിലേക്കുള്ള വാതിൽ തുറക്കുമെന്നാണ് മൈക്ക് ആൻഡ്രൂസ് പറയുന്നത്. ജൂൺ 12നാണ് അഹമ്മദാബാദിൽനിന്ന് ലണ്ടനിലേക്ക് പോയ എയർ ഇന്ത്യ വിമാനം അപകടത്തിൽ തകർന്നത്.

## മഹാരാഷ്ട്രയിൽ കൗമാരക്കാരി കൂട്ടബലാത്സംഗത്തിന് ഇരയായി; നാലുപേർക്കെതിരെ കേസ്

മുംബൈ: മഹാരാഷ്ട്രയിലെ ബീഡ് ജില്ലയിൽ തെലങ്കാനയിൽ നിന്നുള്ള കൗമാരക്കാരി കൂട്ടബലാത്സംഗത്തിന് ഇരയായി. 20കാരിക്ക് നേരെയാണ് അതിക്രമമുണ്ടായത്. സംഭവത്തിൽ നാലുപേർക്കെതിരെ പോലീസ് കേസെടുത്തു. വെള്ളിയാഴ്ച രാത്രി പാർലി റെയിൽവേ സ്റ്റേഷനിൽ ഒറ്റയ്ക്ക് നിന്ന പെൺകുട്ടിക്ക് സഹായം വാഗ്ദാനം ചെയ്ത് ഒരാൾ പ്രതികളിൽ ഒരാൾ സമീപിക്കുകയായിരുന്നു. ഇയാൾ പെൺകുട്ടിയെ ബൈക്കിൽ കയറ്റി വിജനമായ സ്ഥലത്തെത്തിച്ചു. ഇവിടെ മൂന്ന് പേർ കൂടിയുണ്ടായിരുന്നു. തുടർന്ന് ഇവർ പെൺകുട്ടിയെ പീഡിപ്പിച്ചു. ഭാരതീയ ന്യായ് സംഹിത (ബിഎൻഎസ്) നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം നാല് പേർക്കെതിരെ പീഡനം, ഭീഷണി, മനഃപൂർവം പരിക്കേൽപ്പിക്കൽ എന്നീ കുറ്റങ്ങൾ ചുമത്തി അംബാജോഗായ് റൂറൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തു. സംഭവത്തിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

## സപ്ലൈകോയിൽ നിന്ന് രണ്ടു ലിറ്റർ കേര വെളിച്ചെണ്ണ ലഭിക്കും

വെളിച്ചെണ്ണയുടെ വില ഉയരുന്ന സാഹചര്യത്തിൽ സപ്ലൈകോ വിൽപ്പനശാലകളിൽ നിന്ന് ഉപഭോക്താക്കൾക്ക് വാങ്ങാവുന്ന കേര വെളിച്ചെണ്ണയുടെ അളവ് ഒന്നിൽ നിന്ന് രണ്ടു ലിറ്ററായി ഉയർത്തി. വെളിച്ചെണ്ണയുടെ ആവശ്യകത വർദ്ധിച്ചതിനെ തുടർന്നാണ് തീരുമാനം. പരമാവധി വിൽപ്പന വില 529 രൂപയുള്ള ഒരു ലിറ്റർ 'കേര' വെളിച്ചെണ്ണ 457 രൂപയ്ക്കാണ് സപ്ലൈകോ വിൽക്കുന്നത്. സബ്സിഡി നിരക്കിൽ ലഭിക്കുന്ന ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്കും നോൺ സബ്സിഡി നിരക്കിൽ ലഭിക്കുന്ന സപ്ലൈകോയുടെ ശബരി വെളിച്ചെണ്ണയ്ക്കും പുറമെയാണിത്.സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി വെളിച്ചെണ്ണ കാർഡ് ഒന്നിന് സബ്സിഡി നിരക്കിൽ ഒരു ലിറ്റർ ആണ് ലഭിക്കുന്നത്. ഇതിന് 349 രൂപയാണ് വില.വെളിച്ചെണ്ണയുടെ വിലയിൽ ഗണ്യമായ വർധനവുണ്ടായപ്പോൾ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയും സപ്ലൈകോ മാനേജ്മെന്റും വെളിച്ചെണ്ണ വിതരണക്കാരുമായി ചർച്ച നടത്തുകയും വില കുറയ്ക്കുന്നതിനുള്ള വിപണി ഇടപെടൽ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിരുന്നു. ഈ നടപടി ഫലപ്രദമാവുകയും ഓണക്കാലത്ത് വെളിച്ചെണ്ണ വില ഉയരുന്നത് നിയന്ത്രിക്കാനും കഴിഞ്ഞിട്ടുണ്ട്.

## കേരളത്തിൽ സർക്കാർ സ്കൂളുകൾ കുറയുന്നതായി കേന്ദ്രം, രണ്ട് വർഷത്തിനുള്ളിൽ കുറഞ്ഞത് 201 സ്കൂളുകൾ

ന്യൂഡൽഹി: കേരളത്തിൽ രണ്ടു വർഷത്തിനുള്ളിൽ സർക്കാർ സ്കൂളുകളുടെ എണ്ണം ഗണ്യമായ കുറഞ്ഞതായി കേന്ദ്ര സർക്കാർ. 2021–22 മുതൽ 2023–24 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 201 സ്കൂളുകൾ പൂട്ടിയതായി കേന്ദ്ര വിദ്യാഭ്യാസ സഹമന്ത്രി ജയന്ത് ചൗധരി ലോക്സഭയിൽ പറഞ്ഞു. രാജ്യത്താകെ എത്ര സർക്കാർ സ്കൂളുകൾ പൂട്ടിയെന്നതുമായി ബന്ധപ്പെട്ട് ലോക്സഭയിൽ കെ. രാധാകൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായാണ് കേന്ദ്ര മന്ത്രി ഇക്കാര്യം അറിയിച്ചത്. 2021–22 വർഷത്തിൽ 5010 സർക്കാർ സ്കൂളുകൾ കേരളത്തിലുണ്ടായിരുന്നുവെന്നാണ് മറുപടിയിൽ പറയുന്നത്. എന്നാൽ 2023–24 ആയപ്പോഴേക്കും സ്കൂളുകളുടെ എണ്ണം 4809 ആയി കുറഞ്ഞു. രണ്ടുവർഷത്തിനുള്ളിൽ മാത്രം 201 സർക്കാർ സ്കൂളുകൾ കുറഞ്ഞു. പല സംസ്ഥാനങ്ങളിലും സർക്കാർ സ്കൂളുകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളുണ്ട്. അതേസമയം ഛത്തീസ്ഗഢ്, തമിഴ്നാട്, രാജസ്ഥാൻ, തെലങ്കാന സംസ്ഥാനങ്ങളിൽ അഞ്ചുവർഷത്തിനിടെ സർക്കാർ സ്കൂളുകളുടെ എണ്ണംകൂടിയിട്ടുണ്ടെന്നും കേന്ദ്രം മറുപടിയിൽ വ്യക്തമാക്കി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കെ.എസ്.എഫ്.ഇയുടെ നേട്ടം കേരളത്തിനാകെ അഭിമാനം : മുഖ്യമന്ത്രി പിണറായി വിജയൻ

ഒരു ലക്ഷം കോടി വിറ്റുവരവ് കൈവരിച്ച കെ.എസ്.എഫ്.ഇയുടെ നേട്ടം കേരളത്തിനും സംസ്ഥാനത്തിന്റെ ധനകാര്യ മേഖലയ്ക്കും അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രതിസന്ധികളിൽ ഉലയാത്ത വലിയൊരു സാമ്പത്തിക മാതൃകയാണ് കെഎസ്എഫ്ഇ ലോകത്തിന് മുൻപിൽ ഉയർത്തിക്കാട്ടുന്നത്. മലയാളികളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കെഎസ്എഫ്ഇ സാധാരണക്കാർക്ക് സാമ്പത്തിക ആവശ്യങ്ങൾക്ക് ആശ്രയിക്കാവുന്ന സ്ഥാപനങ്ങളിൽ മുൻപന്തിയിലാണ്. കെ.എസ്.എഫ്.ഇ ഒരു ലക്ഷം കോടി വിറ്റുവരവ് നേട്ടം കൈവരിച്ചതിന്റെ പ്രഖ്യാപനവും ആഘോഷ പരിപാടികളുടെ ഉദ്ഘാടനവും തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

സാമ്പത്തിക തകർച്ച, കോവിഡ് തുടങ്ങിയ പ്രതിസന്ധികളിൽ ലോകത്തിലെയും രാജ്യത്തെയും പല ധനകാര്യ സ്ഥാപനങ്ങളും തകർന്നടിഞ്ഞപ്പോൾ കെഎസ്എഫ്ഇ മികച്ച മാതൃകയായി. കെഎസ്എഫ്ഇയുടെ പ്രവർത്തനങ്ങൾ കേവലം പണമിടപാട് മാത്രമല്ല. വ്യവസായങ്ങൾക്കും ഉത്പാദന സ്ഥാപനങ്ങൾക്കും ആവശ്യമായ മുതൽ മുടക്കും നിക്ഷേപവും കെഎസ്എഫ്ഇ നൽകുന്നു. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കിടയിലും കൂടുതൽ വേരുകളുള്ള ധനകാര്യ സ്ഥാപനമായി മുന്നേറാൻ കെ.എസ്.എഫ്.ഇയ്ക്ക് കഴിയണം. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നയവൈകല്യങ്ങളാൽ തകരുന്ന സാഹചര്യത്തിൽ കെഎസ്എഫ്ഇ ഒരു ബദലായി ഉയർന്നുവരികയാണെന്നും നവകേരളം സൃഷ്ടിക്കുന്നതിൽ സുപ്രധാന പങ്ക് സ്ഥാപനത്തിന് ഉണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.



കെ.എസ്.എഫ്.ഇ ഒരു ലക്ഷം കോടി വിറ്റുവരവ് നേട്ടം കൈവരിച്ചതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, ജി ആർ അനിൽ, നടൻ സൂരജ് വെഞ്ഞാറമുട് എന്നിവർ സമീപം

1967-ൽ ഇ.എം.എസ്. സർക്കാരിന്റെ കാലത്ത് അന്നത്തെ ധനകാര്യ മന്ത്രിയായിരുന്ന പി.കെ. കുഞ്ഞിന്റെ നേതൃത്വത്തിലാണ് കെഎസ്എഫ്ഇ രൂപീകൃതമായത്. സ്വകാര്യ ചൂഷകരുടെ കൈകളിലായിരുന്ന ചിട്ടി രംഗത്തിന് ഒരു ബദൽ എന്ന ലക്ഷ്യത്തോടെയാണ് കെഎസ്എഫ്ഇ തുടങ്ങിയത്. എന്നാൽ അതിൽ നിന്നെല്ലാം ബഹുദൂരം മുന്നോട്ട് പോകാൻ സ്ഥാപനത്തിന് കഴിഞ്ഞു. ചിട്ടിക്ക് പുറമെ സ്വർണ്ണപ്പണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, ചിട്ടിയിൽ നിന്നുള്ള വായ്പ എന്നിങ്ങനെ സാധാരണക്കാർക്ക് സഹായം നൽകുന്ന ഒട്ടേറെ പദ്ധതികൾ കെഎസ്എഫ്ഇ നടപ്പാക്കിയിട്ടുണ്ട്.പത്ത് ശാഖകളും രണ്ട് ലക്ഷം രൂപ മൂലധനവുമായി ആരംഭിച്ച സ്ഥാപനം ഇന്ന് 683 ശാഖകളുള്ളതും ഒരു ലക്ഷം കോടിയിലേറെ രൂപ ബിസിനസ്സുമുള്ള സ്ഥാപനമായി മാറി. പ്രതിവർഷം 60 ലക്ഷം ധന ഇടപാടുകൾ കെഎസ്എഫ്ഇ നടത്തുന്നുണ്ട്. 2016 ലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ 30,000 കോടി രൂപയായിരുന്ന കെഎസ്എഫ്ഇയുടെ ബിസിനസ്സ്, കഴിഞ്ഞ ഒമ്പത് വർഷം കൊണ്ട് മൂന്നിരട്ടിലേറെ വളർച്ച നേടി. പ്രവർത്തന ലാഭം 236 കോടി രൂപയിൽ നിന്നും 500 കോടി രൂപയായി വർദ്ധിച്ചതായും മുഖ്യമന്ത്രി പറഞ്ഞു.

2016 മുതൽ കെഎസ്എഫ്ഇയെ കൂടുതൽ ജനകീയമാക്കാൻ വലിയ ഇടപെടലുകൾ നടന്നു. പ്രവാസികൾക്ക് ചിട്ടിയിൽ ചേരാൻ സൗകര്യമൊരുക്കിയത് ഇതിലൊന്നാണ്. അന്നത്തെ ധനമന്ത്രിയും കെഎസ്എഫ്ഇ നേതൃത്വവും വിദേശത്ത് നടത്തിയ സന്ദർശനങ്ങൾ കെഎസ്എഫ്ഇയുടെ മുന്നേറ്റത്തിന് വലിയ സംഭാവന നൽകി. ആകർഷകമായ വ്യവസ്ഥകളോടെയാണ് കെഎസ്എഫ്ഇ ഇപ്പോൾ ചിട്ടികൾ നടത്തുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമിന് കീഴിൽ ചിട്ടിയെ പുനക്രമീകരിക്കുകയും ആധുനിക സൗകര്യങ്ങളോടുകൂടിയ കോൾ സെന്റർ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. 'മൊബൈൽ ആപ്ലിക്കേഷൻ യാഥാർത്ഥ്യമാകുന്നതോടെ കെഎസ്എഫ്ഇയുടെ സേവനങ്ങൾ ഉപഭോക്താക്കൾക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാകും. 121 രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ളവർ കെഎസ്എഫ്ഇ ചിട്ടിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പ്രവാസികളുടെ സ്വകാര്യ നിക്ഷേപത്തിൽ ഉപരി കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സംഭാവന എന്ന നിലക്ക് കൂടിയാണ് പ്രവാസി ചിട്ടികൾ വിഭാവനം ചെയ്തിട്ടുള്ളതെന്ന് മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പിന്തുണയ്ക്കുന്ന കെഎസ്എഫ്ഇയുടെ അഭിമാനനേട്ടത്തിന്റെ പിന്നിൽ പ്രവർത്തിച്ച മന്ത്രി കെ.എൻ. ബാലഗോപാലിനെയും കെഎസ്എഫ്ഇ ടീമിനെയും മുഖ്യമന്ത്രി അഭിനന്ദിച്ചു.

ഒരു ട്രില്യൺ രൂപയുടെ ബിസിനസ് എന്ന മികച്ച നേട്ടത്തിലൂടെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ താല്പര്യപൂർവ്വം വീക്ഷിക്കുന്ന പ്രസ്ഥാനമായി കെഎസ്എഫ്ഇ മാറിയെന്ന് അധ്യക്ഷത വഹിച്ച ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാൽ പറഞ്ഞു. സംസ്ഥാന ബജറ്റിന് തുല്യമായ സാമ്പത്തിക കാര്യങ്ങൾ ചെയ്യുന്ന കെഎസ്എഫ്ഇ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളോടുള്ള ജനങ്ങളുടെ വിശ്വാസതയാണ് ഈ നേട്ടങ്ങളിലൂടെ പ്രതിഫലിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ധനകാര്യ മേഖലയിലെ വലിയ വിജയമാണ് ഈ നേട്ടം. കഴിഞ്ഞ നാല് വർഷത്തിനിടെ പി എസ് സി വഴി 3050 ഓളം പേർക്ക് പുതുതായി ജോലി നല്കാൻ കെഎസ്എഫ്ഇക്ക് സാധിച്ചു. സർക്കാരിന് എല്ലാ വർഷവും ലാഭവിഹിതം നൽകുന്ന സ്ഥാപനം കൂടിയാണ് കെഎസ്എഫ്ഇ. ഷെയർ മാർക്കറ്റിലോ മ്യൂച്ചൽ ഫണ്ടുകളിലോ നിക്ഷേപിക്കുന്നതിനേക്കാൾ മെച്ചപ്പെട്ടതും സർക്കാർ ഗ്യാരന്റിയുള്ളതുമായ പദ്ധതികളാണ് കെഎസ്എഫ്ഇയുടേതെന്ന് മന്ത്രി പറഞ്ഞു.

'കെഎസ്എഫ്ഇ ഈ നാടിൻറെ ധൈര്യം' എന്ന മുദ്രാവാചകം ബ്രാൻഡ് അംബാസിഡറായ സുരാജ് വെഞ്ഞാറമൂടിന് നൽകി മുഖ്യമന്ത്രി പ്രകാശനം ചെയ്തു. ഒരു കോടി ഉപഭോക്താക്കൾ എന്ന ലക്ഷ്യത്തിലേക്കുള്ള പ്രഖ്യാപനവും, ചിട്ടി 'ഫ്രട്ടേണിറ്റി ഫണ്ടായി' റീബ്രാൻഡ് ചെയ്യുന്ന പ്രഖ്യാപനവും മന്ത്രി കെ.എൻ. ബാലഗോപാൽ നിർവഹിച്ചു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ. അനിൽ കെഎസ്എഫ്ഇ 'ഓണം സമൃദ്ധി ഗിഫ്റ്റ് കാർഡിന്റെ' ഉദ്ഘാടനം ഉപഭോക്താവ് എസ് ശ്യാമളാമ്മയ്ക്ക് നൽകി നിർവ്വഹിച്ചു.ആന്റണിരാജു എം.എൽ.എ, കെ.എസ്.എഫ്.ഇ ചെയർമാൻ കെ. വരദരാജൻ, മാനേജിങ് ഡയറക്ടർ ഡോ. എസ് കെ സനിൽ തുടങ്ങിയവർ സന്നിഹിതരായി.

## സാന്ദ്ര തോമസിന് തിരിച്ചടി; നാമനിർദേശ പത്രിക തള്ളിയത് ചോദ്യംചെയ്തുള്ള ഹർജി തള്ളി

കൊച്ചി: സിനിമ നിർമാതാക്കളുടെ സംഘടന തെരഞ്ഞെടുപ്പിലേക്ക് നൽകിയ നാമനിർദേശ പത്രിക തള്ളിയതിനെതിരേ നിർമാതാവ് സാന്ദ്ര തോമസ് നൽകിയ ഹർജി കോടതി തള്ളി. എറണാകുളം ജില്ലാ സബ് കോടതിയാണ് ഹർജി തള്ളിയത്. ഇതോടെ പ്രൊഡ്യൂസേഴ്സ് അസോസിയേഷൻ തിരഞ്ഞെടുപ്പിൽ സാന്ദ്ര തോമസിന് മത്സരിക്കാൻ സാധിക്കില്ല. വിധി അപ്രതീക്ഷിതവും നിരാശാജനകമാണെന്നും നിയമവിദഗ്ധരുമായി ആലോചിച്ച് ഭാവി നടപടികൾ സ്വീകരിക്കുമെന്നും സാന്ദ്ര പ്രതികരിച്ചു. പ്രസിഡൻറ്, ട്രഷറർ സ്ഥാനങ്ങളിലേക്കാണ് സാന്ദ്ര തോമസ് പത്രിക നൽകിയത്. സാന്ദ്രയുടെ ഉടമസ്ഥതയിൽ ഉള്ള കമ്പനിക്ക് മൂന്ന് സെൻസർ സർട്ടിഫിക്കറ്റ് ഇല്ലെന്ന് ചൂണ്ടിക്കാട്ടിയാണ് വരണാധികാരി പത്രിക തള്ളിയത്. 14 അംഗ എക്സിക്യൂട്ടീവ് സ്ഥാനത്തേക്ക് 26 പേരാണ് മത്സരിക്കുന്നത്. ഇതിൽ സാന്ദ്ര തോമസ്, ഷീല കുര്യൻ, ഷെർഗ സന്ദീപ് എന്നീ മൂന്ന് സ്ത്രീകളുണ്ട്.

പ്രസിഡൻറ് അടക്കമുള്ള പ്രധാന പോസ്റ്റുകളിലേക്ക് മത്സരിക്കാൻ മൂന്ന് സെൻസർ സർട്ടിഫിക്കറ്റുകൾ വേണം എന്ന നിയമം ചൂണ്ടിക്കാട്ടിയാണ് സാന്ദ്രയുടെ പത്രിക തള്ളിയത്. എന്നാൽ തന്റെ പേരിൽ ഒമ്പത് സെൻസർ സർട്ടിഫിക്കറ്റുകൾ ഉണ്ട് എന്നാണ് സാന്ദ്രയുടെ വാദം. വ്യാഴാഴ്ചയാണ് കെഎഫ്പിഎ വോട്ടെടുപ്പ്.

നിയമവിരുദ്ധമായാണ് തന്റെ പത്രിക തള്ളിയതെന്നും തെരഞ്ഞെടുപ്പ് താത്കാലികമായി നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടാണ് സാന്ദ്ര തോമസ് കോടതിയെ സമീപിച്ചത്. തെരഞ്ഞെടുപ്പിൽ എക്സിക്യൂട്ടീവ് പദവികളിലേക്ക് മത്സരിക്കാൻ തനിക്ക് അർഹതയുണ്ടെന്നും സാന്ദ്ര കോടതിയിൽ വാദിച്ചിരുന്നു. വരണാധികാരി കോശി ജോർജ് സംഘടനയുടെ നിലവിലെ ഭാരവാഹികളുടെ ഉപകരണമായി പ്രവർത്തിക്കുന്നു. വരണാധികാരിയെ തിരഞ്ഞെടുപ്പ് നടപടികളിൽനിന്ന് വിലക്കണം എന്നീ ആവശ്യങ്ങളും സാന്ദ്ര ഉന്നയിച്ചിരുന്നു.

## ഗുരുവായൂർ ദേവസ്വം പരീക്ഷകൾ 24ന്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ പ്ലംബർ (കാറ്റഗറി നം. 08/2025), കലാനിലയം സൂപ്രണ്ട് (കാറ്റഗറി നം. 15/2025) എന്നീ തസ്തികകളിലേയ്ക്കുള്ള ഒ.എം.ആർ പരീക്ഷ ആഗസ്റ്റ് 24 ന് രാവിലെ 9 മുതൽ 10.45 വരെയും കംപ്യൂട്ടർ ഓപ്പറേറ്റർ/ഡാറ്റ എൻട്രി ഓപ്പറേറ്റർ (കാറ്റഗറി നം. 25/2025), കംപ്യൂട്ടർ സ്പെഷ്യൽ അസിസ്റ്റന്റ് (കാറ്റഗറി നം. 26/2025) ഡെപ്യൂട്ടി സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (കാറ്റഗറി നം.27/2025) എന്നീ തസ്തികകളുടെ പൊതു ഒ.എം.ആർ പരീക്ഷ ആഗസ്റ്റ് 24 ന് 01.30 മുതൽ 3.15 വരെയും, വർക്ക് സുപ്രണ്ട് (കാറ്റഗറി നം. 22/2025), മെഡിക്കൽ ഓഫീസർ (ആയുർവേദ) (കാറ്റഗറി നം : 29/2025) എന്നീ തസ്തികകളുടെ ഒ.എം.ആർ പരീക്ഷ ആഗസ്റ്റ് 24 ന് 1.30 മുതൽ 03.15 വരെയും തൃശൂർ ജില്ലയിലെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തും.

കൂടുതൽ വിവരങ്ങൾക്ക്: www.kdrb.kerala.gov.in

## അറിയുവാനേറെയുണ്ട് ആനകളിൽ; ലോക ഗജദിനം ആചരിച്ചു

കരിവീരൻമാരെക്കുറിച്ച് നമുക്ക് കടുകോളം അറിയില്ല എന്ന് എല്ലാവരും സമ്മതിച്ചു പോകുന്നതായിരുന്നു. ആനയെ അറിയാൻ എന്ന സെമിനാർ പുത്തൻകുളം ആനത്താവളത്തിൽ ലോകഗജദിനാചാരണത്തിന് എത്തിയവർ ആനവിശേഷങ്ങൾ കേട്ട് അമ്പരന്നു മൃഗസംരക്ഷണവകുപ്പും ഇന്ത്യൻ വെറ്ററിനറി അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച സെമിനാറിലാണ് ആനയെ അറിയാൻ അവസരമൊരുങ്ങിയത്.

ചിരിക്കുന്ന മൃഗമാണ് ആന ആനയുടെ ഉളിപ്പല്ലുകൾ കൊമ്പുകളായി രൂപം പ്രാപിച്ചതിനാൽ പല്ല് പുറത്തു കാട്ടി ചിരിക്കുന്ന മൃഗമെന്ന കീർത്തി ആനകൾക്കു വന്നു തുമ്പിക്കൈയിൽ 12 ലിറ്ററോളം വെള്ളം കൊള്ളും മനുഷ്യരെപ്പോലെ തന്നെ വേദനയും സന്തോഷവും അനുഭവിക്കുന്നവരാണ് കരയിലെ ഏറ്റവും വലിയ മൃഗമെന്ന ഖ്യാതിയുള്ള ആനകൾ പാപ്പാൻമാരുമായി അഭേദ്യമായ ഹൃദയ ബന്ധമുണ്ട്. അവരുടെ ചലനങ്ങൾ പോലും തിരിച്ചറിയാം. ചെണ്ടമേളം കേട്ടല്ല ആനകൾ ചെവിയാട്ടുന്നത്. ശരീര താപനിലനിയന്ത്രിക്കുവാനുള്ള തന്ത്രമാണത് ആനകൾക്ക്

അത്ഭുതകരമായ ഓർമ്മശക്തിയാണ് ആനകൾക്ക് കണ്ടിട്ടില്ലാത്ത വെള്ളച്ചാട്ടം, പാതകൾ

എന്നിവയൊക്കെ ശബ്ദത്താലും ഗന്ധത്താലും തിരിച്ചറിയാൻ കഴിയും.

ഇൻഫ്രാ സൗണ്ട് ശബ്ദതരംഗങ്ങൾ വഴി 10 കിലോമീറ്റർ ചുറ്റളവിൽ ആശയവിനിമയം നടത്താനും മനുഷ്യർക്കു കേൾക്കാൻ കഴിയാത്ത താഴ്ന്ന തീവ്രതയുള്ള ശബ്ദങ്ങൾ പോലും കേൾക്കാനും ആനകൾക്കാവും. തുമ്പിക്കെയിലെ 40000 ചെറു പേശികളുടെ സഹായത്തോടെ മണ്ണിൽ കിടക്കുന്ന മൊട്ടുസൂചി വരെ എടുക്കാൻ ആനകൾക്കു കഴിയും. 22 മാസം ഗർഭകാലമുള്ള ആനകൾ നാട്ടിൽ അപൂർവമായേ പ്രസവിക്കാറുള്ളൂ. പ്രസവിച്ചാലുടൻ നടക്കുന്നവരാണ് ആനക്കുട്ടികൾ. ജനനഭാരം 150 മുതൽ 200 കിലോ വരെയാണ് കൊമ്പൻമാർ പ്രായപൂർത്തിയാവുമ്പോഴേക്കും പിടിയാനകളിൽ നിന്ന് മാറി സ്വതന്ത്യമായി വിഹരിക്കും.

പുറത്തു കാണാവുന്ന ആനയുടെ കൊമ്പ് മൂന്നിലൊരുഭാഗം മാത്രമാണ് നാട്ടാനകളിൽ പുരുഷ ഹോർമോൺ ആധിക്യമുണ്ടാവുന്ന മദപ്പാട് കാലം ആനകളെ മൂന്നു മാസമെങ്കിലും കെട്ടിയിടണം

അങ്ങനെ അറിയുന്തോറും കൗതുകമേറുന്ന ആനകളുടെ രഹസ്യങ്ങൾ നിരവധിയാണ്. ഗജദിനാചരണത്തിന്റെ ഭാഗമായിപുത്തൻകുളം അനന്തപദ്മനാഭൻ ഗണപതി, അർജുനൻ, ഗംഗ എന്നീ ആനകൾക്ക് സദ്യയൂട്ടും നല്കി ഗജദിനാചരണം ത്തിന്റെ ഉദ്ഘാടനം



ജി എസ് ജയലാൽ എം. എൽ. എ നിർവഹിച്ചു.മുൻ ഫോറസ്റ്റ് ചീഫ് വെറ്ററിനറി ഓഫീസർ ഡോ. ഇ കെ ഈശ്വരൻ സെമിനാർ നയിച്ചു ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ പ്രസിഡന്റ് ഡോ. സി. പി. അനന്തകൃഷ്ണൻ അധ്യക്ഷത വഹിച്ചു. പൂതക്കുളം പഞ്ചായത്ത് പ്രസിഡന്റ് അമ്മിണി അമ്മ ചിറക്കര പഞ്ചായത്ത് പ്രസിഡന്റ് സജീന ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ഡി. ഷൈൻകുമാർ വനം ഡെപ്യൂട്ടികൺസർവേറ്റർ കോശി ജോൺ ചീഫ് വെറ്ററിനറി ഓഫീസർ ഡോ. രമ. ജി ഉണ്ണിത്താൻ എലിഫന്റ് ഓണേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ബി ചന്ദ്രചൂഡൻപിള്ള ഡോ. വിനോദ് ചെറിയാൻ ഡോ. ഷാലുമോൾ ഷാജി എന്നിവർ സംസാരിച്ചു. കരിവീരൻമാരുടെ എണ്ണം കുറയുന്നു. നാട്ടിലും കാട്ടിലും ആനകളുടെ എണ്ണം കുറയുകയാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 2021 ൽ 510 നാട്ടാനകൾ ഉണ്ടായിരുന്ന കേരളത്തിൽ 2025 ആയപ്പോഴേക്കും അത് 382 ആയി കുറഞ്ഞു. ജില്ലയിൽ 55 രജിസ്ടേർഡ് ആനകൾ മാത്രമേ ഇപ്പോഴുള്ളൂ. 5 വർഷങ്ങൾക്കുമുമ്പ് 82 ഓളം ആനകൾ ജില്ലയിലുണ്ടായിരുന്നു. ക്ഷയം പരാദ രോഗങ്ങൾ, പാദരോഗങ്ങൾ രക്താതിസാരം, ഹൃദയ രോഗം, എരണ്ടകെട്ട് എന്നിവ മൂലമാണ് മിക്ക ആനകളും ചരിഞ്ഞതെന്ന് കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ഡി. 'ഷൈൻകുമാർ പറഞ്ഞു. ആനകളെ ചികിത്സിക്കാനുള്ള ഒരു മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയും സംസ്ഥാനത്തില്ല.

**ആനകടത്തിന് നിരോധനം**

പുതുക്കിയ വന്യജീവി സംരക്ഷണ നിയമത്തിലെ കാപ്റ്റിവ് എലിഫന്റ് ട്രാൻസ്ഫർ ആന്റ് ട്രാൻസ്പോർട്ട് ചട്ടങ്ങൾ 2024 മാർച്ച് 14 ന് നിലവിൽ വന്നതോടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ആനകളെ കൊണ്ടു വരുന്നതിനോ നിലവിലുള്ളതിനെ കൈമാറ്റം ചെയ്യുന്നതിനോ കർശന വ്യവസ്ഥകളുണ്ട്. ഇത് പ്രകാരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ജനിതക പഠന സർട്ടിഫിക്കറ്റും ഡാറ്റാ ഷീറ്റും നാട്ടാനകൾക്ക് നിർബന്ധമാണ്.

എങ്കിൽ മാത്രമേ രാജ്യത്തുടനീളം ആനകളെ കൊണ്ടുപോകാൻ കഴിയൂ.

ജനിതക പഠന സാക്ഷ്യപത്രം ഡി. എൻ എ പരിശോധനയിലൂടെ മാത്രമേ സാധ്യമാകൂ. ഇതിനായി ആനകളുടെ രക്തം ഡെറാഡൂൺ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധിക്കും. ആനകളെയോ ആനക്കൊമ്പോ പല്ലോ ആനയുമായി ബന്ധപ്പെട്ട മറ്റ് മേനി ഉപാധികളോ വില്കുന്നത് നിരോധിച്ചിട്ടുണ്ട്. നടയ്ക്കിരുത്തുന്നതിനോ പോറ്റാൻ നിർവാഹമില്ലാതെ ആരാധനാലയങ്ങൾക്കോ കൈമാറുന്നതിന് നിയമ തടസ്സമില്ല. വന്യജീവി മനുഷ്യ സംഘർഷങ്ങളിൽ പ്രധാനി ആനകളാണ്. കാട്ടിൽ അനകളുടെ ആവാസവ്യവസ്ഥ നശിക്കുന്നതു കൊണ്ടും തീറ്റയും വെള്ളവും കുറയുന്നതു കൊണ്ടും കാട്ടാനകളും എണ്ണത്തിൽ പകുതിയായി കഴിഞ്ഞു. നാട്ടിലിറങ്ങി വിളനശിപ്പിക്കലിനും മനുഷ്യ വന്യജീവി സംഘർഷത്തിനും ഈ കാട് ശോഷണം കാരണമാകുന്നു.